പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2013

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

778/2013.

പതിമൂന്നാം കേരള നിയമസഭ

ബിൽ നമ്പർ 230

# 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ബിൽ

സംസ്ഥാനത്തെ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിൽ സേവനങ്ങൾ പ്രദാനം ചെയ്യുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും നിയന്ത്രണത്തിനും അതുമായി ബന്ധപ്പെട്ടതോ അതിന് ആനുഷംഗികമായതോ ആയ കാര്യങ്ങൾക്കും വേണ്ടി വ്യവസ്ഥ ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിന് ക്ലിനിക്കൽ സ്ഥാപനങ്ങൾ നൽകാവുന്ന സൗകര്യങ്ങളുടെയും സേവനങ്ങളുടെയും ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിർണ്ണയിക്കുകയെന്ന ലക്ഷ്യത്തോടുകൂടി അവയുടെ രജിസ്ട്രേഷനും നിയന്ത്രണവും സംബന്ധിച്ച് വ്യവസ്ഥ ചെയ്യുന്നത് യുക്തമായിരിക്കയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിനാലാം സംവത്സരത്തിൽ ഇനിപ്പറയും പ്രകാരം നിയമമുണ്ടാക്കുന്നു:—

## അദ്ധ്യായം I

## പ്രാരംഭികം

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2013-ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത്, ഗസറ്റ് വിജ്ഞാപനം വഴി സർക്കാർ നിശ്ചയിക്കുന്ന അങ്ങനെയുള്ള തീയതിയിലോ വ്യത്യസ്ത അംഗീകൃത ചികിത്സാ സമ്പ്രദായങ്ങൾക്കു വേണ്ടി നിശ്ചയിച്ചേക്കാവുന്ന വ്യത്യസ്ത തീയതികളിലോ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—ഈ ആക്റ്റിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "അതോറിറ്റി" എന്നാൽ 18-ാം വകുപ്പ് പ്രകാരം രൂപീകരിക്കപ്പെട്ട ജില്ലാ രജിസ്റ്ററിംഗ് അതോറിറ്റി എന്നർത്ഥമാകുന്നു;

778/2013.

(ബി) "ക്ലിനിക്കൽ സ്ഥാപനം" എന്നാൽ,—

(i) ഏതെങ്കിലും ആളോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ നികായമോ സ്ഥാപിച്ചതും നടത്തുന്നതും പരിപാലിക്കുന്നതും, ഏതെങ്കിലും അംഗീകൃത ചികിത്സാ സമ്പ്രദായത്തിൽ സേവനങ്ങളോ അല്ലെങ്കിൽ രോഗനിർണ്ണയത്തിനും ചികിത്സയ്ക്കുംവേണ്ട കിടക്കകളോട് കൂടിയതോ അല്ലാത്തതോ ആയ സൗകര്യങ്ങളോ രോഗത്തിന്, ക്ഷതിക്ക്, വൈകല്യത്തിന്, അസ്വഭാവികതയ്ക്ക്, ദന്തസംരക്ഷണത്തിന്, ഗർഭത്തിന് പരിരക്ഷയോ നൽകുന്നതുമായ ഒരു ആശുപത്രി, മെറ്റേണിറ്റി ഹോം, നേഴ്സിംഗ് ഹോം, ഡിസ്പെൻസറി, ക്ലിനിക്ക്, സാനട്ടോറിയം അല്ലെങ്കിൽ ഏതു പേരിനാൽ വിളിക്കപ്പെട്ടാലും ഒരു സ്ഥാപനം; അല്ലെങ്കിൽ

(ii) ഏതെങ്കിലും ആളോ ഏകാംഗീകൃതമോ അല്ലാത്തതോ ആയ ആളുകളുടെ നികായമോ സ്ഥാപിച്ചതും നടത്തുന്നതും അല്ലെങ്കിൽ പരിപാലിക്കുന്നതുമായ ലബോറട്ടറിയുടെ അല്ലെങ്കിൽ മറ്റ് മെഡിക്കൽ ഉപകരണങ്ങളുടെ സഹായത്താൽ രോഗങ്ങളുടെ നിർണ്ണയവുമായോ ചികിത്സയുമായോ ബന്ധപ്പെട്ട് പതോളജിപരമായതോ ബാക്റ്റീരിയ പഠനപരമായതോ ജനിതകപരമായതോ റേഡിയോളജിപരമായതോ രസതന്ത്രപരമായതോ ജീവശാസ്ത്ര പരമായതോ ആയ സൂക്ഷ്മ പരിശോധനകളും അല്ലെങ്കിൽ മറ്റു രോഗനിർണ്ണയ പരമായതോ അന്വേഷണപരമായതോ ആയ സേവനങ്ങൾ സാധാരണയായി നടത്തുന്ന ഒരു സ്വതന്ത്രമായ എന്റിറ്റിയായോ (i)-ാം ഉപഖണ്ഡത്തിൽ പരാമർശിക്കപ്പെട്ട ഒരു സ്ഥാപനത്തിന്റെ ഭാഗമായിട്ടോ സ്ഥാപിക്കപ്പെട്ട ഒരു സ്ഥലം എന്നർത്ഥമാകുന്നതും അതിൽ,—

(എ) സർക്കാരിന്റെയോ സർക്കാരിന്റെ ഒരു വകുപ്പിന്റെയോ;

(ബി) ഒരു പൊതുവായതോ സ്വകാര്യമായതോ ആയ ട്രസ്റ്റിന്റെയോ;

(സി) വ്യക്തിഗത ഉടമസ്ഥതയോ പങ്കാളിത്ത ഫേമിന്റേയോ;

(ഡി) സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ അല്ലാത്തതോ ആയ [1969-ലെ കേരള സഹകരണ സംഘ ആക്റ്റി (1969-ലെ 21)-ൻകീഴിൽ രജിസ്റ്റർ ചെയ്ത ഒരു സഹകരണ സംഘം ഉൾപ്പെടെയുള്ള] ഒരു കോർപ്പറേഷനോ 1955-ലെ തിരുവിതാംകൂർ കൊച്ചി സാഹിത്യ ശാസ്ത്ര ധാർമ്മിക സംഘങ്ങൾ രജിസ്റ്റർ ചെയ്യുന്നതിനുള്ള ആക്റ്റ് (1955-ലെ 12)-ൻകീഴിൽ രജിസ്റ്റർ ചെയ്തതോ അല്ലെങ്കിൽ 1860-ലെ സൊസൈറ്റി രജിസ്ട്രേഷൻ ആക്റ്റ് (1860-ലെ 21-ാം കേന്ദ്ര ആക്റ്റ്)-ൻകീഴിൽ രജിസ്റ്റർ ചെയ്ത ഒരു ചാരിറ്റബിൾ സൊസൈറ്റിയോ;

(ഇ) ഒരു തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെയോ;

ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ഒരു ക്ലിനിക്കൽ സ്ഥാപനം ഉൾപ്പെടുന്നതും, എന്നാൽ സായുധസേനകളുടെ ഉടമസ്ഥതയിലും നിയന്ത്രണത്തിലും നടത്തിപ്പിലുമുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ ഉൾപ്പെടാത്തതുമാകുന്നു;

വിശദീകരണം:—ഈ ഖണ്ഡത്തിന്റെ ആവശ്യത്തിനായി "സായുധസേനകൾ" എന്നാൽ 1950-ലെ ആർമി ആക്റ്റ് (1950-ലെ 46-ാം കേന്ദ്ര ആക്റ്റ്), 1950-ലെ എയർഫോഴ്സ് ആക്റ്റ് (1950-ലെ 45-ാം കേന്ദ്ര ആക്റ്റ്), 1957-ലെ നേവി ആക്റ്റ് (1957-ലെ 62-ാം കേന്ദ്ര ആക്റ്റ്)-ഉം പ്രകാരം രൂപീകരിച്ചിട്ടുള്ള സേനകൾ എന്നർത്ഥമാകുന്നു;

(സി) ''കൗൺസിൽ'' എന്നാൽ 3-ാം വകുപ്പ് പ്രകാരം ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുവേണ്ടി സ്ഥാപിക്കപ്പെട്ട സംസ്ഥാന കൗൺസിൽ എന്നർത്ഥമാകുന്നു;

(ഡി) "അടിയന്തിര മെഡിക്കൽ അവസ്ഥ" എന്നാൽ പെട്ടെന്നുള്ള മെഡിക്കൽ ശ്രദ്ധയുടെ അഭാവത്തിൽ,—

(i) വ്യക്തിയുടെ ആരോഗ്യത്തെ അല്ലെങ്കിൽ ഗർഭിണിയായ ഒരു സ്ത്രീയെ സംബന്ധിച്ച് ആ സ്ത്രീയുടെയോ അവളുടെ ജനിക്കാനുള്ള കുട്ടിയുടെയോ ആരോഗ്യത്തെ ഗുരുതരമായ അപകടസ്ഥിതിയിലാക്കുമെന്നോ;

(ii) ശാരീരിക പ്രവർത്തനങ്ങൾക്ക് ഗുരുതരമായ ദോഷം വരുത്തുമെന്നോ;

(iii) ഏതെങ്കിലും അവയവമോ ഒരു ശരീരഭാഗമോ ഗുരുതരമായി തകരാറിലാകുകയോ ക്രമരഹിതമാകുകയോ ചെയ്യുന്ന അവസ്ഥ ഉണ്ടാക്കുമെന്നോ ന്യായമായി പ്രതീക്ഷിക്കപ്പെടാവുന്ന അങ്ങനെയുള്ള സ്വഭാവത്തിലുള്ള മതിയായ കാഠിന്യത്തിന്റെ (കഠിനമായ വേദന ഉൾപ്പെടെ) തീവ്രമായ ലക്ഷണങ്ങളാൽ സ്വയം പ്രകടിപ്പിക്കുന്ന ഒരു മെഡിക്കൽ അവസ്ഥ എന്നർത്ഥമാകുന്നു;

(ഇ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(എഫ്) "തദ്ദേശസ്വയംഭരണ സ്ഥാപനം" എന്നാൽ 1994-ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റിലെ (1994-ലെ 13) 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഏതെങ്കിലും തലത്തിലുള്ള ഒരു പഞ്ചായത്തോ 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്റ്റിലെ (1994-ലെ 20) 4-ാം വകുപ്പിൻകീഴിൽ രൂപീകരിക്കപ്പെട്ട ഒരു മുനിസിപ്പാലിറ്റിയോ എന്നർത്ഥമാകുന്നു;

(ജി) "വിജ്ഞാപനം" എന്നാൽ ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധീകരിക്കപ്പെട്ട ഒരു വിജ്ഞാപനം എന്നർത്ഥമാകുന്നു;

(എച്ച്) ''നിർണ്ണയിക്കപ്പെട്ട'' എന്നാൽ ഈ ആക്റ്റിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളാൽ നിർണ്ണയിക്കപ്പെട്ട എന്നർത്ഥമാകുന്നു;

(ഐ) "അംഗീകൃത ചികിത്സാ സമ്പ്രദായം" എന്നാൽ അലോപ്പതി, യോഗ, നാച്ചുറോപ്പതി, ആയുർവേദ, ഹോമിയോപ്പതി, സിദ്ധ, യുനാനി ചികിത്സാ സമ്പ്രദായങ്ങളും അല്ലെങ്കിൽ സർക്കാരിനാൽ അംഗീകരിക്കപ്പെടാവുന്ന പ്രകാരമുള്ള മറ്റേതെങ്കിലും ചികിത്സാ സമ്പ്രദായവും എന്നർത്ഥമാകുന്നു;

(ജെ) "രജിസ്റ്റർ" എന്നാൽ അതോറിറ്റി വച്ചുപോരുന്നതും രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിവരങ്ങൾ അടങ്ങിയതും ഈ ആക്റ്റിന്റെ 16-ാം വകുപ്പ് (1) ഉപവകുപ്പ് പ്രകാരം വച്ചുപോരുന്നതും പ്രസിദ്ധപ്പെടുത്തിയതുമായ സംസ്ഥാന രജിസ്റ്റർ എന്നർത്ഥമാകുന്നു;

(കെ) "രജിസ്ട്രേഷൻ" എന്നാൽ 20-ാം വകുപ്പുപ്രകാരം രജിസ്റ്റർ ചെയ്യുക എന്നർത്ഥമാകുന്നതും രജിസ്ട്രേഷൻ അല്ലെങ്കിൽ രജിസ്റ്റർ ചെയ്ത എന്നീ പദപ്രയോഗങ്ങൾക്ക് അതനുസരിച്ച് അർത്ഥം കല്പിക്കേണ്ടതുമാണ്;

(എൽ) "മാനദണ്ഡങ്ങൾ" എന്നാൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ ചെയ്യലിനുവേണ്ടി 17-ാം വകുപ്പ് പ്രകാരം സർക്കാരിന് നിർണ്ണയിക്കാവുന്ന മാനദണ്ഡങ്ങൾ എന്നർത്ഥമാകുന്നു;

(എം) "സ്ഥിരമാക്കുക (അതിന്റെ വ്യാകരണപരമായ വ്യത്യാസങ്ങളോടും സജാതീയപദങ്ങളോടും കൂടി)" എന്നാൽ (ഡി) ഖണ്ഡത്തിൽ വിനിർദ്ദേശിച്ചിട്ടുള്ള ഒരു അടിയന്തിര മെഡിക്കൽ സാഹചര്യത്തെ സംബന്ധിച്ച്, ന്യായമായ മെഡിക്കൽ സാദ്ധ്യതയ്ക്കുള്ളിൽ, വ്യക്തിയെ ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ നിന്നും മാറ്റുന്ന വേളയിൽ അതിൽ നിന്നും അവസ്ഥയുടെ യാതൊരു സാരമായ വഷളാകലും അനന്തര ഫലമായി സംഭവിക്കുവാനോ ഉണ്ടാകുവാനോ സാദ്ധ്യതയില്ലായെന്ന്, ഉറപ്പുവരുത്തുന്നതിനാവശ്യമായ അവസ്ഥയ്ക്കായി അങ്ങനെയുള്ള മെഡിക്കൽ ചികിത്സ നൽകുന്നത് എന്നർത്ഥമാകുന്നു.

## അദ്ധ്യായം II

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിൽ

3. സംസ്ഥാന കൗൺസിലിന്റെ സ്ഥാപിക്കൽ.—(1) സർക്കാർ, ഔദ്യോഗിക ഗസറ്റിൽ വിജ്ഞാപനം വഴി, ഇതിലേക്കായി നിശ്ചയിക്കാവുന്ന അങ്ങനെയുള്ള തീയതി മുതൽ പ്രഭാവത്തോടെ ഈ ആക്റ്റിന്റെ ആവശ്യങ്ങൾക്കായി ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന കൗൺസിൽ എന്ന് വിളിക്കപ്പെടേണ്ട ഒരു കൗൺസിൽ സ്ഥാപിക്കേണ്ടതാണ്.

(2) കൗൺസിലിൽ താഴെ പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(എ) ഗവൺമെന്റ് സെക്രട്ടറി, ആരോഗ്യവും കുടുംബക്ഷേമവും വകുപ്പ്, എക്സ്-ഒഫീഷ്യോ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ബി) ആരോഗ്യ വകുപ്പ് ഡയറക്ടർ, എക്സ്-ഒഫീഷ്യോ;

(സി) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ, കേരള, എക്സ്-ഒഫീഷ്യോ;

(ഡി) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ, കേരള, എക്സ്-ഒഫീഷ്യോ;

(ഇ) പബ്ളിക് ഹെൽത്ത് ലബോറട്ടറി ഡയറക്ടർ, തിരുവനന്തപുരം, എക്സ്-ഒഫീഷ്യോ;

(എഫ്) 1953-ലെ തിരുവിതാംകൂർ-കൊച്ചി മെഡിക്കൽ പ്രാക്ടീഷനേഴ്സ് ആക്റ്റ് (1953-ലെ IX)-ന്റെ വ്യവസ്ഥകളാൽ രൂപീകരിക്കപ്പെട്ട,—

(i) മോഡേൺ മെഡിസിൻ കൗൺസിൽ;

(ii) ഇൻഡിജീനസ് മെഡിസിൻ കൗൺസിൽ;

(iii) ഹോമിയോപ്പതി കൗൺസിൽ;

ഇവയാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഓരോ പ്രതിനിധി വീതം;

(ജി) (i) 1948-ലെ ഡെന്റിസ്റ്റ്സ് ആക്റ്റിന്റെ (1948-ലെ 15-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പു പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള ഡന്റൽ കൗൺസിൽ;

(ii) 1953-ലെ കേരള നഴ്സസ് ആന്റ് മിഡ്വൈവ്സ് (1953-ലെ 10) ആക്റ്റിന്റെ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ചിട്ടുള്ള കേരള നഴ്സിംഗ് കൗൺസിൽ;

ഇവയാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഓരോ പ്രതിനിധി വീതം;

(എച്ച്) സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന സംസ്ഥാനത്തെ രോഗികളുടെ ക്ഷേമ സംഘടനകളിൽ നിന്നുമുള്ള ഒരു പ്രതിനിധി;

(ഐ) സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന നിയമ വകുപ്പിലെ ഗവൺമെന്റ് അഡീഷണൽ സെക്രട്ടറിയുടെ റാങ്കിൽ കുറയാത്ത ഒരു ആഫീസർ;

(ജെ) ഇൻഡ്യൻ മെഡിക്കൽ അസോസിയേഷൻ, കേരളാ യൂണിറ്റിന്റെ ഒരു പ്രതിനിധി;

(കെ) ഇൻഡ്യൻ ആയൂർവേദ മെഡിക്കൽ അസോസിയേഷന്റെ ഒരു പ്രതിനിധി;

(എൽ) കൗൺസിലിന്റെ സെക്രട്ടറി.

4. കൗൺസിലിന്റെ ചുമതലകൾ.—കൗൺസിൽ താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം ഓരോ വിഭാഗത്തിനും വേണ്ട ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾക്കനുസരിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളെ വിവിധ വിഭാഗങ്ങളായി തരം തിരിക്കുക;

(ബി) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ ഒരു സംസ്ഥാന രജിസ്റ്റർ സമാഹരിക്കുകയും പ്രസിദ്ധീകരിക്കുകയും ചെയ്യുക;

(സി) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനയ്ക്കും വിലയിരുത്തലിനുമായി അസസ്സർമാരുടെ പാനലിനെ നിയമിക്കുക;

(ഡി) അതോറിറ്റിയുടെ ഉത്തരവുകൾക്കെതിരെയുള്ള അപ്പീലുകൾ കേൾക്കുക;

(ഇ) ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കപ്പെടേണ്ടതായ മാനദണ്ഡങ്ങൾ പരിശോധിക്കുന്നതിനായി ആനുകാലിക പുനരവലോകനം നടത്തുക;

(എഫ്) സാങ്കേതിക വിദ്യയിലോ സാമൂഹ്യ വ്യവസ്ഥകളിലോ ഉള്ള മാറ്റങ്ങൾക്ക് അനുസൃതമായി ചട്ടങ്ങളിൽ ഏതെങ്കിലും ഭേദഗതി ആവശ്യമാണെന്ന് സർക്കാരിനോട് ശുപാർശ ചെയ്യുക;

(ജി) ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർബന്ധമായും ലഭ്യമാക്കേണ്ടതായ ഡാറ്റാ വിജ്ഞാപനം ചെയ്യുക; ഡാറ്റാ വിശകലനം ചെയ്യുകയും അതിന്റെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കുകയും ചെയ്യുക;

(എച്ച്) ഭാരത സർക്കാരോ 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്റ്റർ ചെയ്യലും നിയന്ത്രണവും) ആക്റ്റിൻ (2010-ലെ 23-ാം കേന്ദ്ര ആക്റ്റ്) കീഴിൽ രൂപീകരിക്കപ്പെട്ട ദേശീയ കൗൺസിലോ ആവശ്യപ്പെടുന്ന പ്രകാരം ദേശീയ രജിസ്റ്റർ പുതുക്കുന്നതിനായി ആനുകാലിക റിട്ടേണുകൾ അയച്ചു കൊടുക്കുക;

(ഐ) പൊതുജനാരോഗ്യത്തിനും രോഗികളുടെയും ജീവനക്കാരുടെയും ആരോഗ്യത്തിനും സുരക്ഷിതത്ത്വത്തിനും ഉടൻ അപകടം വരുത്തുമെന്ന് കരുതുന്ന അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ റദ്ദാക്കുന്നതിന് നിർദ്ദേശിക്കുക;

(ജെ) ക്ലിനിക്കൽ സ്ഥാപനങ്ങളെക്കുറിച്ച് ലഭിക്കുന്ന പരാതികൾ സ്വീകരിക്കുന്നതിനും അന്വേഷിക്കുന്നതിനും ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കുകയും നിലനിർത്തുകയും ചെയ്യുക;

(കെ) സർക്കാർ, കാലാകാലങ്ങളിൽ നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

5. <u>കൗൺസിലിന്റെ സെക്രട്ടറിയും മറ്റ് ജീവനക്കാരും.</u>—(1) സർക്കാർ, ഹെൽത്ത് സർവ്വീസസ് അഡീഷണൽ ഡയറക്ടറുടെ പദവിയിൽ കുറയാത്ത ഒരു ആഫീസറെ കൗൺസിലിന്റെ സെക്രട്ടറിയായി നിയമിക്കേണ്ടതാണ്.

(2) സർക്കാർ, കൗൺസിലിന്റെ ശരിയായ പ്രവർത്തനങ്ങൾക്ക് ആവശ്യമായ അപ്രകാരമുള്ള മറ്റ് ജീവനക്കാരെ കൗൺസിലിന് നൽകേണ്ടതാണ്.

6. <u>കൗൺസിലിന്റെ സബ്കമ്മിറ്റികൾ.</u>—കൗൺസിലിന്, ഏതെങ്കിലും പ്രത്യേക കാര്യത്തിന്റെ പരിഗണനയ്ക്കായി അത് ഉചിതമെന്ന് കരുതുന്ന അംഗങ്ങളോടുകൂടിയോ കൗൺസിലിന്റെ അംഗങ്ങളല്ലാത്ത വ്യക്തികളോടു കൂടിയോ രണ്ട് കൊല്ലം കവിയാത്ത അങ്ങനെയുള്ള കാലയളവിലേക്ക് സബ്കമ്മിറ്റികളെ നിയമിക്കാവുന്നതാണ്.

7. <u>ഉപദേശമോ സഹായമോ തേടുന്നതിനുള്ള അധികാരം.</u>—കൗൺസിലിന്, ഏതെങ്കിലും വ്യക്തിയുമായോ നികായവുമായോ സ്വയം ബന്ധപ്പെടാവുന്നതും ഈ ആക്റ്റിന്റെ വ്യവസ്ഥകൾ നടപ്പാക്കുന്നതിന് ആവശ്യമാണെന്ന് അത് കരുതുന്ന സാങ്കേതിക സഹായമോ ഉപദേശമോ തേടാവുന്നതുമാണ്.

8. <u>കൗൺസിൽ കൂടിയാലോചനാപരമായ പ്രക്രിയ പിൻതുടരണമെന്ന്.</u>— കൗൺസിൽ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ തരംതിരിക്കലിനും നിർബന്ധമായും പാലിക്കേണ്ട മാനദണ്ഡങ്ങൾക്കും മാറ്റംവരുത്തുന്നതിനുവേണ്ടി, തീരുമാനിക്കുന്ന അങ്ങനെയുള്ള സ്ഥലങ്ങളിൽവച്ച് പൊതുവായി കേൾക്കുന്നതും ഉൾപ്പെടെ, കൗൺസിൽ കൂടിയാലോചനാപരവും സുതാര്യവുമായ ഒരു പ്രക്രിയ പിന്തുടരേണ്ടതാണ്.

9. എക്സിക്യൂട്ടീവ് കമ്മിറ്റി.—കൗൺസിലിന് താഴെ പറയുന്ന അംഗങ്ങൾ ഉള്ള ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി ഉണ്ടായിരിക്കേണ്ടതാണ്, അതായത്:—

(i) ആരോഗ്യവകുപ്പ് ഡയറക്ടർ, അദ്ദേഹം ചെയർപേഴ്സൺ ആയിരിക്കേണ്ടതാണ്;

(ii) ഇൻഡ്യൻ സിസ്റ്റംസ് ഓഫ് മെഡിസിൻ ഡയറക്ടർ;

(iii) ഹോമിയോപ്പതി വകുപ്പ് ഡയറക്ടർ;

(iv) പബ്ളിക് ഹെൽത്ത് ലബോറട്ടറി ഡയറക്ടർ, തിരുവനന്തപുരം;

(v) കൗൺസിൽ നാമനിർദ്ദേശം ചെയ്യുന്ന സംസ്ഥാനത്തെ രോഗികളുടെ ക്ഷേമ സംഘടനകളുടെ ഒരു പ്രതിനിധി;

(vi) കൗൺസിലിന്റെ സെക്രട്ടറി.

10. എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും.—എക്സിക്യൂട്ടീവ് കമ്മിറ്റി, കൗൺസിൽ അതിന് ഏല്പിച്ചുകൊടുത്തേക്കാവുന്ന അങ്ങനെയുള്ള അധികാരങ്ങൾ വിനിയോഗിക്കുകയും ചുമതലകൾ നിർവ്വഹിക്കുകയും ചെയ്യേണ്ടതാണ്.

11. കൗൺസിലിന്റെ അംഗമായി നിയമിക്കപ്പെടുന്നതിനുള്ള അയോഗ്യത.—ഒരാൾ കൗൺസിലിന്റെ ഒരു അംഗമായി നിയമിക്കപ്പെടുന്നതിന്, അയാൾ—

(എ) സർക്കാരിന്റെ അഭിപ്രായത്തിൽ, സാൻമാർഗ്ഗികാധപതനവും ഉൾപ്പെടുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്യപ്പെടുകയും തടവുശിക്ഷയ്ക്ക് വിധിക്കപ്പെടുകയും ചെയ്തിട്ടുണ്ടെങ്കിൽ ; അഥവാ

(ബി) ഒരു അവിമുക്ത നിർദ്ധനനാണെങ്കിൽ ; അഥവാ

(സി) ചിത്തഭ്രമമുള്ളതും ക്ഷമതയുള്ള ഒരു കോടതിയാൽ അപ്രകാരം പ്രഖ്യാപിക്കപ്പെട്ടതായി നിലകൊള്ളുകയും ചെയ്യുകയാണെങ്കിൽ ; അഥവാ

(ഡി) സർക്കാരിന്റെയോ സർക്കാരിന്റെ ഉടമസ്ഥതയിലോ നിയന്ത്രണത്തിലോ ഉള്ള ഒരു കോർപ്പറേഷന്റെയോ സേവനത്തിൽ നിന്നും നീക്കം ചെയ്യപ്പെട്ടതോ പിരിച്ചു വിടപ്പെട്ടതോ ആണെങ്കിൽ ; അഥവാ

(ഇ) സർക്കാരിന്റെ അഭിപ്രായത്തിൽ, ഒരു അംഗമെന്ന നിലയിൽ അയാളുടെ ചുമതലകൾ നിർവ്വഹിക്കുന്നതിനെ ദോഷകരമായി ബാധിക്കുവാനിടയുള്ള അങ്ങനെയുള്ള സാമ്പത്തികമോ മറ്റു താല്പര്യങ്ങളോ കൗൺസിലിൽ അയാൾക്ക് ഉണ്ടെങ്കിൽ ;

അയോഗ്യനാക്കപ്പെടുന്നതാണ്.

12. ഒഴിവ് മുതലായവ കൗൺസിലിന്റെ നടപടിക്രമങ്ങളെ അസാധുവാക്കുന്നില്ല.—ഏതെങ്കിലും ഒഴിവോ കൗൺസിലിന്റെ രൂപീകരണത്തിലെ പിഴവോ നിലനില്ക്കുന്നുവെന്ന കാരണത്താൽ മാത്രം കൗൺസിലിന്റെ യാതൊരു പ്രവർത്തിയോ നടപടിക്രമങ്ങളോ അസാധുവാകുന്നതല്ല.

13. ബിസിനസ്സിന്റെ നടപടിക്രമവും നടത്തിപ്പും.—സർക്കാരിന്റെ മുൻകൂർ അനുമതിക്ക് വിധേയമായി കൗൺസിലിന്, അതിന്റെ യോഗങ്ങളിലെ ക്വാറവും ബിസിനസ്സ് നടത്തിപ്പിലെ നടപടിക്രമവും നിശ്ചയിച്ചുകൊണ്ട് റെഗുലേഷനുകൾ ഉണ്ടാക്കാവുന്നതാണ്.

14. കൗൺസിലിന്റെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി.—കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾ അവരുടെ നാമനിർദ്ദേശം മുതൽ മൂന്നു വർഷം കാലയളവ് വരെ ഉദ്യോഗം വഹിക്കേണ്ടതും ഒരു തവണകൂടി പുനർനാമനിർദ്ദേശത്തിന് അർഹരാകാവുന്നതുമാണ് :

എന്നാൽ നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം അയാളെ നാമനിർദ്ദേശം ചെയ്തിരിക്കുന്നത് ഏത് ഔദ്യോഗിക പദവിയുടെ അടിസ്ഥാനത്താലാണോ ആ പദവി ഇല്ലാതാകുമ്പോൾ അയാൾ പദവി ഒഴിഞ്ഞതായി കരുതപ്പെടേണ്ടതാണ്.

15. കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങളുടെ ബത്തകൾ.—കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾക്ക് നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ബത്തകൾക്ക് അവകാശമുണ്ടായിരിക്കുന്നതാണ്.

## അദ്ധ്യായം III

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

16. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ.—(1) കൗൺസിൽ, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ എന്നറിയപ്പെടുന്ന നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അങ്ങനെയുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്ന ഒരു രജിസ്റ്റർ സമാഹരിക്കുകയും, വച്ചുപോരുകയും, പ്രസിദ്ധീകരിക്കുകയും ചെയ്യേണ്ടതാണ്.

(2) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ സമാഹരിക്കുന്നതിനും, പരിഷ്കരിക്കുന്നതിനുമുള്ള ചുമതല കൗൺസിലിന്റെ സെക്രട്ടറിക്ക് ആയിരിക്കുന്നതാണ് ;

(3) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അതോറിറ്റി വച്ചുപോരുന്ന ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്ററിലെ ഓരോ എൻട്രിയുടേയും പകർപ്പ് അതോറിറ്റി, കൗൺസിലിന് ഡിജിറ്റൽ രൂപത്തിൽ നൽകേണ്ടതാണ്.

## അദ്ധ്യായം IV

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ

17. വിഭാഗങ്ങളും മാനദണ്ഡങ്ങളും.—വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കപ്പെടാവുന്നതും അപേക്ഷ നൽകിയ വിഭാഗം കണക്കിലെടുക്കാതെ ഓരോ വിഭാഗത്തിലും നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾ നിറവേറ്റുന്ന സ്ഥാപനങ്ങൾക്ക് രജിസ്ട്രേഷൻ നൽകേണ്ടതുമാണ്.

18. രജിസ്ട്രേഷനുള്ള അതോറിറ്റി.—(1) സർക്കാർ, ഗസറ്റ് വിജ്ഞാപനം വഴി ഓരോ ജില്ലയിലും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി താഴെപ്പറയുന്ന അംഗങ്ങളോടുകൂടിയ ഒരു അതോറിറ്റി രൂപീകരിക്കേണ്ടതാണ്, അതായത്:—

(എ) ജില്ലാ കളക്ടർ, എക്സ്-ഒഫീഷ്യോ—ചെയർ പേഴ്സൺ ;

(ബി) ജില്ലാ മെഡിക്കൽ ഓഫീസർ, എക്സ്-ഒഫീഷ്യോ—വൈസ് ചെയർ പേഴ്സൺ ;

(സി) സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ജില്ലാ മെഡിക്കൽ ഓഫീസിലെ ഹെൽത്ത് ഓഫീസർ—കൺവീനർ ;

(ഡി) സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഇൻഡ്യൻ സിസ്റ്റം ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ ;

(ഇ) സർക്കാരിനാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഹോമിയോപ്പതിക് സിസ്റ്റം ഓഫ് മെഡിസിനിലെ ഒരു മെഡിക്കൽ ഓഫീസർ ;

(എഫ്) ആരോഗ്യ രംഗത്തുള്ള തൊഴിൽപരമായ സംഘടനയിൽ നിന്നും രണ്ട് വർഷകാലത്തേക്ക് ജില്ലാ കളക്ടറാൽ നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഒരു അംഗം, രണ്ട് തവണ പുനർനാമനിർദ്ദേശം ചെയ്യപ്പെടാൻ അയാൾക്ക് അർഹതയുണ്ടായിരിക്കുന്നതുമാണ്.

(2) അതോറിറ്റി താഴെ പറയുന്ന ചുമതലകൾ നിർവ്വഹിക്കേണ്ടതാണ്, അതായത്:—

(എ) ഒരു ക്ലിനിക്കൽ സ്ഥാപനത്തിന് രജിസ്ട്രേഷൻ നൽകുകയോ പുതുക്കുകയോ സസ്പെന്റ് ചെയ്യുകയോ റദ്ദാക്കുകയോ ചെയ്യുക ;

(ബി) ആക്റ്റിലെയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയും വ്യവസ്ഥകളുടെ പാലനം ഉറപ്പുവരുത്തുക ;

(സി) ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളുടെ ലംഘനത്തെ കുറിച്ചുള്ള പരാതികൾ അന്വേഷിക്കുകയും ഉചിതമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യുക ;

(ഡി) കൗൺസിൽ നിർദ്ദേശിക്കുന്ന പ്രകാരം അങ്ങനെയുള്ള റിപ്പോർട്ടുകൾ ആനുകാലികമായി തയ്യാറാക്കുകയും സമർപ്പിക്കുകയും ചെയ്യുക ;

(ഇ) രജിസ്റ്റർ ചെയ്യാത്ത ക്ലിനിക്കൽ സ്ഥാപനങ്ങൾക്കെതിരായി എടുത്ത നടപടി സംബന്ധിച്ച് ഓരോ മൂന്നു മാസത്തിലും കൗൺസിലിന് റിപ്പോർട്ട് ചെയ്യുക ;

(എഫ്) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റു ചുമതലകൾ നിർവ്വഹിക്കുക.

(3) അതോറിറ്റിയിലെ അനൗദ്യോഗിക അംഗത്തിന്റെ ആകസ്മിക ഒഴിവ്, പുതിയ നാമനിർദ്ദേശം വഴി ജില്ലാ കളക്ടർ നികത്തേണ്ടതും അപ്രകാരം നാമനിർദ്ദേശം ചെയ്യപ്പെട്ട അംഗം, അദ്ദേഹത്തെ ആരുടെ സ്ഥാനത്താണോ നാമനിർദ്ദേശം ചെയ്തത് അയാളുടെ ശേഷിക്കുന്ന കാലാവധിയിൽ മാത്രം ഉദ്യോഗം വഹിക്കേണ്ടതുമാണ്.

(4) സർക്കാർ, അതോറിറ്റിയുടെ ശരിയായ പ്രവർത്തനത്തിന് ആവശ്യമായ അങ്ങനെയുള്ള ഉദ്യോഗസ്ഥരെ അതോറിറ്റിക്ക് ലഭ്യമാക്കേണ്ടതാണ്.

19. രജിസ്ട്രേഷനുള്ള വ്യവസ്ഥകൾ.—ഓരോ ക്ലിനിക്കൽ സ്ഥാപനവും രജിസ്ട്രേഷനുള്ള ആവശ്യത്തിലേക്കായി താഴെപ്പറയുന്ന വ്യവസ്ഥകൾ പാലിച്ചിരിക്കേണ്ടതാണ്, അതായത്:—

(എ) ആ ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിന് അനുസൃതമായി നിർണ്ണയിക്കപ്പെട്ട മാനദണ്ഡങ്ങൾ;

(ബി) മെഡിക്കലും പാരാമെഡിക്കലും ജീവനക്കാരുടെ നിർണ്ണയിക്കപ്പെടാവുന്ന ഏറ്റവും കുറഞ്ഞ യോഗ്യതകൾ ;

(സി) സുരക്ഷയുടെയും അണുബാധ നിയന്ത്രണത്തിന്റെയും നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗങ്ങളുടെയും നിർണ്ണയിക്കപ്പെടാവുന്ന മാനദണ്ഡങ്ങൾ ;

(ഡി) നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള മറ്റ് വ്യവസ്ഥകൾ.

20. ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ.—(1) ഈ ആക്റ്റിലേയും അതിൻ കീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾ പ്രകാരം കേരളത്തിലെ എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും അതോറിറ്റിയിൽ രജിസ്റ്റർ ചെയ്യേണ്ടതാണ്.

(2) ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലേയും വ്യവസ്ഥകൾക്കനുസൃതമായി യഥാവിധി രജിസ്റ്റർ ചെയ്യപ്പെട്ടിട്ടില്ലാത്തപക്ഷം യാതൊരാളും ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുവാൻ പാടുള്ളതല്ല.

(3) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങൾക്കും അതോറിറ്റി താത്കാലിക രജിസ്ട്രേഷൻ നൽകേണ്ടതാണ്.

(4) താത്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ ആ വിഭാഗത്തിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ടി ഏറ്റവുംകുറഞ്ഞ മാനദണ്ഡങ്ങൾ നേടേണ്ടതാണ്.

(5) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം നിലവിൽവരുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള കാലാവധിക്കുള്ളിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ടി അതോറിറ്റിയിൽ അപേക്ഷിക്കേണ്ടതാണ്.

(6) ഒരു ക്ലിനിക്കൽ സ്ഥാപനം ഒന്നിലധികം വിഭാഗങ്ങളിൽ സേവനങ്ങൾ നൽകുന്നിടത്ത്, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനം ഈ ആക്റ്റ് പ്രകാരമുള്ള ഓരോ വിഭാഗത്തിനുമായി താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷന് വെവ്വേറെ അപേക്ഷിക്കേണ്ടതാണ്:

എന്നാൽ ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഭാഗമായിട്ടുള്ള ഒരു ലബോറട്ടറിയോ ഒരു രോഗനിർണ്ണയ കേന്ദ്രമോ പ്രത്യേകമായി രജിസ്റ്റർ ചെയ്യേണ്ട ആവശ്യമില്ല.

21. താത്കാലിക രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഈ ആക്റ്റിന്റെ പ്രാരംഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനവും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് സഹിതം അങ്ങനെയുള്ള ഫാറത്തിൽ താത്കാലിക രജിസ്ട്രേഷനു വേണ്ടി അപേക്ഷിക്കേണ്ടതാണ്.

(2) ഒരു ക്ലിനിക്കൽ സ്ഥാപനം, അങ്ങനെയുള്ള സ്ഥാപനങ്ങളുടെ രജിസ്ട്രേഷൻ ആവശ്യപ്പെടുന്ന ഏതെങ്കിലും നിലവിലുള്ള നിയമത്തിൻകീഴിൽ രജിസ്റ്റർ ചെയ്തിട്ടുള്ളിടത്ത്, (1)-ാം ഉപവകുപ്പിൽ പറയുംപ്രകാരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ടതാണ്.

(3) അതോറിറ്റി, അപേക്ഷ ലഭിച്ച തീയതി മുതൽ മുപ്പത് ദിവസങ്ങൾക്കകം, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അപ്രകാരമുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അപേക്ഷകന് നല്കേണ്ടതാണ്.

22. താത്കാലിക രജിസ്ട്രേഷന്റെ നിയമസാധുത.—(1) ഓരോ താത്കാലിക രജിസ്ട്രേഷനും, രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്ന തീയതിമുതൽ പന്ത്രണ്ടാമത്തെ മാസത്തിലെ അവസാന ദിവസംവരെയോ സ്ഥിരം രജിസ്ട്രേഷൻ നേടുന്നതുവരെയോ, ഏതാണോ ആദ്യംവരുന്നത് അതുവരെ സാധുതയുണ്ടായിരിക്കുന്നതാണ്.

(2) സ്ഥിരം രജിസ്ട്രേഷൻ നേടുന്നതിനുള്ള വീഴ്ച ക്ലിനിക്കൽ സ്ഥാപനത്തിന്റെ നിയന്ത്രണത്തിന് അതീതമായ കാരണങ്ങളാലാണെന്ന് അതോറിറ്റിക്ക് ബോധ്യമാകുന്ന പക്ഷം അതോറിറ്റിക്ക് ലിഖിതമായി രേഖപ്പെടുത്തുന്ന കാരണങ്ങളാൽ തുടർന്നുള്ള പന്ത്രണ്ട് മാസത്തേക്ക് താത്കാലിക രജിസ്ട്രേഷൻ പുതുക്കി നല്കാവുന്നതാണ്.

(3) താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ സാധുത അവസാനിക്കുന്നതിന് മുപ്പത് ദിവസങ്ങൾക്ക് മുൻപ് താത്കാലിക രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ നൽകേണ്ടതും പുതുക്കൽ അപേക്ഷ താത്കാലിക രജിസ്ട്രേഷൻ അവസാനിച്ചതിനുശേഷം നൽകിയിട്ടുള്ള സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിപ്പിച്ച ഫീസ് അടയ്ക്കുന്നതിൻമേൽ അതോറിറ്റി രജിസ്ട്രേഷൻ പുതുക്കി അനുവദിക്കേണ്ടതുമാണ്.

(4) താത്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനവും, താത്കാലിക രജിസ്ട്രേഷൻ കാലാവധി തീരുന്ന തീയതിക്ക് അറുപത് ദിവസം മുൻപായി 23-ാം വകുപ്പ് പ്രകാരം സ്ഥിരം രജിസ്ട്രേഷന് അപേക്ഷിക്കേണ്ടതാണ്.

(5) ആശുപത്രികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിന്റെയും ലബോറട്ടറികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിന്റെയും അക്രെഡിറ്റേഷൻ ലഭിച്ച ഓരോ ക്ലിനിക്കൽ സ്ഥാപനത്തിനും താത്കാലിക രജിസ്ട്രേഷനോടൊപ്പം സ്ഥിരം രജിസ്ട്രേഷനും നല്കേണ്ടതാണ്.

23. ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ.—(1) ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ സ്ഥിരം രജിസ്ട്രേഷനുള്ള അപേക്ഷ, തെളിവും, ആ വിഭാഗത്തിനുവേണ്ടി നിർണ്ണയിക്കപ്പെട്ടിട്ടുള്ള മാനദണ്ഡങ്ങൾ ആ ക്ലിനിക്കൽ സ്ഥാപനം പാലിച്ചിട്ടുണ്ടെന്ന് പ്രസ്താവിക്കുന്ന സത്യവാങ്മൂലത്തോടുംകൂടി, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും രീതിയിലും അങ്ങനെയുള്ള ഫീസ്സഹിതം അതോറിറ്റിക്ക് നൽകേണ്ടതാണ്.

(2) അതോറിറ്റി, സ്ഥിരം രജിസ്ട്രേഷന് അപേക്ഷിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദവിവരങ്ങൾ ഏഴ് ദിവസത്തിനകം നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പ്രസിദ്ധീകരിക്കപ്പെടുന്നതിന് ഇടയാക്കേണ്ടതാണ്.

(3) അതോറിറ്റി, സ്ഥിരം രജിസ്ട്രേഷൻ നൽകുന്നതിന് മുൻപായി ക്ലിനിക്കൽ സ്ഥാപനം പരിശോധിക്കുകയോ പരിശോധിക്കപ്പെടുന്നതിന് ഇടയാക്കുകയോ ചെയ്യേണ്ടതാണ്.

(4) ഒരു ക്ലിനിക്കൽ സ്ഥാപനം നിർണ്ണയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിറവേറ്റുമ്പോൾമാത്രം അതോറിറ്റി സ്ഥിരം രജിസ്ട്രേഷൻ നല്കേണ്ടതാണ്.

(5) ക്ലിനിക്കൽ സ്ഥാപനത്തിന് നിർണ്ണയിച്ചിട്ടുള്ള ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിറവേറ്റിയിട്ടില്ല എന്ന് അതോറിറ്റിക്ക് അഭിപ്രായമുള്ളിടത്ത്, സ്ഥിരം രജിസ്ട്രേഷൻ നല്കാതിരിക്കുന്നതിനോ റദ്ദാക്കുന്നതിനോ ഉള്ള അതിന്റെ ഉദ്ദേശ്യം അതിനുള്ള കാരണങ്ങൾസഹിതം, അപേക്ഷകനെ അറിയിക്കേണ്ടതാണ്.

(6) അപേക്ഷകന് അപ്രകാരമുള്ള അറിയിപ്പിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അതോറിറ്റിയുടെ മുമ്പിൽ ഹാജരാകാനും മാനദണ്ഡങ്ങൾ പാലിച്ചു എന്നുള്ളതിന്റെ തെളിവ് സമർപ്പിക്കാവുന്നതും അതോറിറ്റിക്ക് തെളിവ് പരിശോധിക്കാവുന്നതും അതിനുശേഷം ആവശ്യമെങ്കിൽ അസ്സസർമാരെക്കൊണ്ട് പുനഃപരിശോധന നടത്താവുന്നതും, രജിസ്ട്രേഷൻ നല്കണമോ വേണ്ടയോ എന്നതിന് അന്തിമതീരുമാനം കൈക്കൊള്ളാവുന്നതുമാണ്.

(7) അതോറിറ്റി, സ്ഥിരം രജിസ്ട്രേഷൻ നല്കേണ്ടതില്ലെന്ന് തീരുമാനിക്കുന്നിടത്ത് ആയതിന്റെ കാരണം അപ്രകാരമുള്ള തീരുമാനത്തിന്റെ തീയതി മുതൽ മുപ്പത് ദിവസത്തിനകം അപേക്ഷകന് രേഖാമൂലം ലഭ്യമാക്കേണ്ടതാണ്.

(8) സ്ഥിരം രജിസ്ട്രേഷനുള്ള ഒരു അപേക്ഷയുടെ നിരാകരിക്കൽ, ഈ വകുപ്പ് പ്രകാരം മുൻ അപേക്ഷ അനുവദിക്കാതിരിക്കുന്നതിന് കാരണമായ അപര്യാപ്തതകൾ പരിഹരിച്ചതിന് ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള തെളിവുകൾ നല്കിയതിനു ശേഷം, സ്ഥിരം രജിസ്ട്രേഷന് പുതുതായി അപേക്ഷിക്കുന്നതിൽനിന്ന് തടയുന്നതല്ലാത്തതാണ്.

(9) രജിസ്ട്രേഷൻ സാധുവായിരിക്കുന്നിടത്തോളം രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡം പാലിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടത് അതോറിറ്റിയുടെ ഉത്തരവാദിത്വമായിരിക്കേണ്ടതും അതോറിറ്റി ആനുകാലിക റിപ്പോർട്ട് ആവശ്യപ്പെടേണ്ടതും ഓരോ രജിസ്റ്റർ ചെയ്യപ്പെട്ട ക്ലിനിക്കൽ സ്ഥാപനവും മാനദണ്ഡങ്ങൾ പാലിക്കപ്പെടുന്നുവെന്ന് രണ്ട് വർഷത്തിൽ ഒരിക്കലെങ്കിലും പരിശോധിക്കേണ്ടതോ പരിശോധിക്കപ്പെടുന്നതിന് ഇടയാക്കേണ്ടതോ ചെയ്യേണ്ടതാണ്. നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ അങ്ങനെയുള്ള പരിശോധനയുടെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ടതുമാണ്.

(10) ക്ലിനിക്കൽ സ്ഥാപനം പരിശോധിക്കുന്നതിനും അവ നിർണ്ണയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പാലിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സ്വതന്ത്ര അസ്സസർമാരുടെ ഒരു പാനൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(11) ആശുപത്രികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽനിന്നോ ലാബോറട്ടറികൾക്ക് വേണ്ടിയുള്ള നാഷണൽ അക്രെഡിറ്റേഷൻ ബോർഡിൽനിന്നോ അക്രെഡിറ്റേഷൻ ലഭിച്ചിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് (3)-ാം ഉപവകുപ്പിൽ വ്യവസ്ഥചെയ്യുന്ന പ്രകാരമുള്ള പരിശോധനകൂടാതെ സ്ഥിരം രജിസ്ട്രേഷൻ അനുവദിക്കേണ്ടതാണ്:

എന്നാൽ പ്രസ്തുത ബോർഡുകൾ അക്രെഡിറ്റേഷൻ റദ്ദാക്കിയിട്ടുള്ള ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംഗതിയിൽ, അപ്രകാരം അക്രെഡിറ്റേഷൻ റദ്ദാക്കിയ തീയതി മുതൽ ഒരു മാസത്തിനകം അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ പരിശോധിക്കപ്പെടുന്നതിന് അതോറിറ്റി, ഇടയാക്കേണ്ടതും ഏറ്റവുംകുറഞ്ഞ നിലവാരമില്ലാത്ത ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്ഥിരം രജിസ്ട്രേഷൻ നിർണ്ണയിക്കപ്പെടാവുന്ന പ്രകാരം റദ്ദാക്കേണ്ടതുമാണ്.

24. സ്ഥിരം രജിസ്ട്രേഷനുള്ള സാധുത.—സ്ഥിരം രജിസ്ട്രേഷന് മൂന്ന് വർഷക്കാലത്തേക്ക് സാധുത ഉണ്ടായിരിക്കുന്നതും തുടർന്ന് നിർണ്ണയിക്കപ്പെടാവുന്ന അത്തരത്തിലുള്ള ഫീസ് ഒടുക്കി കാലാവധി അവസാനിക്കുന്നതിന് മുമ്പായി അത് പുതുക്കാവുന്നതുമാണ്.

25. സ്ഥിരം രജിസ്ട്രേഷൻ പുതുക്കൽ.—സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള സാധുത അവസാനിക്കുന്നതിന് ആറുമാസത്തിന് മുമ്പ് സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള അപേക്ഷ നല്കേണ്ടതും, അങ്ങനെയുള്ള തീയതി അവസാനിച്ച ശേഷം പുതുക്കൽ അപേക്ഷ നല്കിയിട്ടുള്ള സംഗതിയിൽ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വർദ്ധിപ്പിച്ച ഫീസ് ഒടുക്കുന്നതിന്മേൽ അതോറിറ്റിക്ക് രജിസ്ട്രേഷന്റെ പുതുക്കൽ അനുവദിക്കാവുന്നതാണ്.

26. അപേക്ഷ ലഭിച്ച വിവരം അറിയിക്കൽ.—അതോറിറ്റി, താല്കാലിക രജിസ്ട്രേഷനോ സ്ഥിര രജിസ്ട്രേഷനോ ലഭിച്ച അപേക്ഷയുടെ കൈപ്പറ്റ്, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിൽ അറിയിക്കേണ്ടതാണ്.

27. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—താൽക്കാലികമോ, സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്, അതതു സംഗതിപോലെ, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള വിവരങ്ങൾ അടങ്ങുന്ന അങ്ങനെയുള്ള ഫാറത്തിൽ അതോറിറ്റി നൽകേണ്ടതാണ്.

28. ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ്.—താൽക്കാലികമോ, സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നഷ്ടപ്പെടുകയോ, നശിപ്പിക്കപ്പെടുകയോ, മോഷ്ടിക്കപ്പെടുകയോ, വികൃതമാക്കപ്പെടുകയോ, കേടുവന്നിരിക്കുകയോ ചെയ്യുന്ന സംഗതിയിൽ ക്ലിനിക്കൽ സ്ഥാപനത്തിന്റെ അപേക്ഷയിന്മേലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫീസ് ഒടുക്കുന്നതിന്മേലും അതോറിറ്റിക്ക് ഒരു ഡ്യൂപ്ലിക്കേറ്റ് സർട്ടിഫിക്കറ്റ് നൽകാവുന്നതാണ്.

29. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യാൻ പാടുള്ളതല്ലെന്ന്.—(1) താൽക്കാലികവും, സ്ഥിരവും ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് കൈമാറ്റം ചെയ്യുവാൻ പാടുള്ളതല്ല.

(2) ഉടമസ്ഥതയിൽ മാറ്റംവരുകയോ വിഭാഗത്തിൽ മാറ്റംവരുകയോ, മാനേജ്മെന്റിൽ മാറ്റംവരുകയോ സ്ഥാനത്തിൽ മാറ്റംവരുകയോ അല്ലെങ്കിൽ ഒരു ക്ലിനിക്കൽ സ്ഥാപനമായിട്ടുള്ള പ്രവർത്തനം അവസാനിക്കുകയോ ചെയ്യുന്ന സംഗതിയിൽ അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് അതോറിറ്റിയെ തിരികെ ഏൽപ്പിക്കേണ്ടതാണ്.

(3) പുതിയ ഉടമസ്ഥൻ അല്ലെങ്കിൽ ക്ലിനിക്കൽ സ്ഥാപനം പുനരാരംഭിക്കുന്നതിന് താൽപ്പര്യപ്പെടുന്ന ഏതൊരാളും രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുവേണ്ടി പുതുതായി അപേക്ഷിക്കേണ്ടതാണ്.

30. രജിസ്ട്രേഷന്റെ റദ്ദാക്കൽ.—(1) ക്ലിനിക്കൽ സ്ഥാപനം രജിസ്റ്റർ ചെയ്തതിനു ശേഷം ഏതു സമയത്തും, അതോറിറ്റിക്ക്—

(എ) രജിസ്ട്രേഷന്റെ ഉപാധികൾ പാലിക്കപ്പെടുന്നില്ലെന്നോ ; അല്ലെങ്കിൽ

(ബി) ക്ലിനിക്കൽ സ്ഥാപനത്തിന്റെ നടത്തിപ്പ് ഏൽപ്പിച്ചിട്ടുള്ള ആളെ ഈ ആക്റ്റ് പ്രകാരം ശിക്ഷിക്കപ്പെടാവുന്ന ഒരു കുറ്റത്തിന് കുറ്റസ്ഥാപനം ചെയ്തിരിക്കുന്നെന്നോ ; അല്ലെങ്കിൽ

(സി) ക്ലിനിക്കൽ സ്ഥാപനത്തിൽ നിന്നും പരിചരണംതേടുന്ന ആളുകളുടെ ആരോഗ്യത്തിന് ദോഷകരമായ കാര്യമോ കാര്യങ്ങളോ, ക്ലിനിക്കൽ സ്ഥാപനം അറിവോടു കൂടി ചെയ്തിരിക്കുന്നെന്നോ ;

ബോദ്ധ്യപ്പെടുകയാണെങ്കിൽ, നോട്ടീസിൽ പരാമർശിക്കപ്പെടേണ്ട കാരണങ്ങളാൽ അതിന്റെ രജിസ്ട്രേഷൻ എന്തുകൊണ്ട് റദ്ദു ചെയ്യപ്പെടാതിരിക്കണമെന്നതിനുള്ള കാരണം കാണിക്കണമെന്നുള്ള ഒരു നോട്ടീസ് ക്ലിനിക്കൽ സ്ഥാപനത്തിന് നൽകാവുന്നതാണ്.

(2) ക്ലിനിക്കൽ സ്ഥാപനത്തിന് കാരണം കാണിക്കുന്നതിന് ന്യായമായ ഒരു അവസരം നൽകിയതിനുശേഷം, ഈ ആക്റ്റിന്റെ ഏതെങ്കിലും വ്യവസ്ഥകളുടെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളുടെയോ ഒരു ലംഘനം ഉണ്ടായെന്ന് അതോറിറ്റിക്ക് ബോദ്ധ്യപ്പെടുകയാണെങ്കിൽ, അതിന് ഒരു ഉത്തരവുവഴി, അങ്ങനെയുള്ള ക്ലിനിക്കൽ സ്ഥാപനത്തിനെതിരെ അത് എടുക്കാവുന്ന മറ്റേതെങ്കിലും നടപടിക്ക് ഭംഗം വരാതെ, അതിന്റെ രജിസ്ട്രേഷൻ റദ്ദാക്കാവുന്നതാണ്.

(3) (2)-ാം ഉപവകുപ്പ് പ്രകാരം പാസ്സാക്കിയ ഓരോ ഉത്തരവും,—

(i) അങ്ങനെയുള്ള ഉത്തരവിനെതിരായി യാതൊരു അപ്പീലും ബോധിപ്പിക്കപ്പെട്ടിട്ടില്ലാത്തിടത്ത്, അങ്ങനെയുള്ള അപ്പീലിന് നിർണ്ണയിച്ചിട്ടുള്ള കാലയളവ് അവസാനിക്കുന്നതിൻമേൽ ഉടനെയും ;

(ii) അങ്ങനെയുള്ള അപ്പീൽ ബോധിപ്പിക്കുകയും അത് തള്ളുകയും ചെയ്തിരിക്കുന്നിടത്ത് അങ്ങനെ തള്ളിയ ഉത്തരവിന്റെ തീയതി മുതലും, പ്രാബല്യത്തിൽ വരുന്നതാണ് :

എന്നാൽ, അതോറിറ്റിക്ക്, ലിഖിതമായി രേഖപ്പെടുത്തേണ്ട കാരണങ്ങളാൽ, രജിസ്ട്രേഷൻ റദ്ദാക്കിയശേഷം രോഗികളുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും അപകടം ഉടൻ സംഭവിക്കുവാൻ സാദ്ധ്യതയുണ്ടെങ്കിൽ ക്ലിനിക്കൽ സ്ഥാപനത്തെ തുടർന്നു പ്രവർത്തിക്കുന്നതിൽ നിന്നും ഉടൻതന്നെ തടയാവുന്നതാണ്.

## അദ്ധ്യായം V

## പിഴകൾ

31. ആക്റ്റിലെ വ്യവസ്ഥകളുടെ ഉല്ലംഘനത്തിനുള്ള പിഴശിക്ഷ.—ഈ ആക്റ്റിലെ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളേയും പിഴശിക്ഷ മറ്റൊരിടത്തും വ്യവസ്ഥ ചെയ്യാതിരിക്കുന്നിടത്ത്, ഒന്നാമത്തെ ഉല്ലംഘനത്തിന് പതിനായിരം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും രണ്ടാമത്തെ ഉല്ലംഘനത്തിന് അമ്പതിനായിരം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും തുടർന്നുള്ള ഏതെങ്കിലും ഉല്ലംഘനത്തിന് അഞ്ച് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

32. രജിസ്ട്രേഷൻ ചെയ്യാത്തതിനുള്ള പിഴശിക്ഷ.—(1) രജിസ്ട്രേഷനില്ലാതെ ഒരു ക്ലിനിക്കൽ സ്ഥാപനം നടത്തുന്ന ഏതൊരാളും, ആദ്യത്തെ ഉല്ലംഘനത്തിന് അൻപതിനായിരം രൂപവരെയുള്ള പണമായുള്ള പിഴശിക്ഷയ്ക്കും രണ്ടാമത്തെ ഉല്ലംഘനത്തിന് രണ്ട് ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും പിന്നീടുള്ള ഏതെങ്കിലും ഉല്ലംഘനത്തിന് അഞ്ചു ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും തുടർന്നുവരുന്ന ഉല്ലംഘനത്തിന്റെ കാര്യത്തിൽ പരമാവധി അഞ്ചു ലക്ഷം രൂപ എന്നതിനു വിധേയമായി ഓരോ അധിക ദിവസത്തിനും പതിനായിരം രൂപ പണമായുള്ള പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഈ ആക്റ്റ് പ്രകാരം യഥാവിധി രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ അറിഞ്ഞുകൊണ്ട് സേവനം അനുഷ്ഠിക്കുന്ന ഏതൊരാളും ഇരുപത്തിഅയ്യായിരം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്കും ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (1)-ഉം (2)-ഉം ഉപവകുപ്പുകൾ പ്രകാരം ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ആൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയശേഷം ഏതെങ്കിലും പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിലേക്കായി അതോറിറ്റി നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു അന്വേഷണ വിചാരണ നടത്തേണ്ടതാണ്.

(4) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണ വിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖ ഹാജരാക്കുന്നതിനായോ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണ വിചാരണയിൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള, 37-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ, ഉത്തരവ് മുതൽ മുപ്പത് ദിവസങ്ങൾക്കകം നിക്ഷേപിക്കപ്പെടേണ്ട, പണമായുള്ള പിഴശിക്ഷ അതിന് ഉത്തരവിലൂടെ ചുമത്താവുന്നതാണ്.

(5) പണമായുള്ള പിഴശിക്ഷയുടെ പരിമാണം തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗവും വലിപ്പവും തരവും സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ തദ്ദേശാവസ്ഥകളും കണക്കിലെടുക്കേണ്ടതാണ്.

(6) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും ആൾക്ക് പ്രസ്തുത തീരുമാനത്തിന്റെ തീയതി മുതൽ മൂന്ന് മാസങ്ങൾക്കകമുള്ള ഒരു കാലാവധിക്കുള്ളിൽ കൗൺസിലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അപ്പീൽ ഫയൽചെയ്യുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

33. ഉത്തരവിന്റെ അനുസരിക്കാതിരിക്കലും വിവരത്തിന്റെ തടസ്സപ്പെടുത്തലും നിരസിക്കലും.—(1) ഈ ആക്റ്റ് പ്രകാരം അങ്ങനെയുള്ള നിർദ്ദേശം നൽകുന്നതിന് അധികാരം നൽകപ്പെട്ട കൗൺസിലോ, ഏതെങ്കിലും ആളോ അധികാരസ്ഥാനമോ നിയമാനുസരണം നൽകിയ ഏതെങ്കിലും നിർദ്ദേശം മനഃപൂർവ്വം അനുസരിക്കാതിരിക്കുകയോ അല്ലെങ്കിൽ ഏതെങ്കിലും ആളെയോ അധികാരസ്ഥാനത്തെയോ കൗൺസിലിനെയോ അങ്ങനെയുള്ള ആളോ അധികാരസ്ഥാനമോ കൗൺസിലോ ഈ ആക്റ്റിൻകീഴിൽ നിർവ്വഹിക്കുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതോ അധികാരപ്പെടുത്തിയിട്ടുള്ളതോ ആയ ഏതെങ്കിലും ചുമതലകൾ നിർവ്വഹിക്കുന്നത് തടസ്സപ്പെടുത്തുകയോ ചെയ്യുന്ന ഏതൊരാളും, ഒരുലക്ഷം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(2) ഈ ആക്റ്റിനാലോ അതിൻകീഴിലോ ഏതെങ്കിലും വിവരം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടിരിക്കെ, അങ്ങനെയുള്ള വിവരം മനഃപൂർവ്വം നൽകാതിരിക്കുകയോ വ്യാജമാണെന്ന് അയാൾക്ക് അറിയാവുന്നതോ സത്യമാണെന്ന് അയാൾ വിശ്വസിക്കാത്തതോ ആയ വിവരം നൽകുകയോ ചെയ്യുന്ന ഏതൊരാളും ഒരു ലക്ഷം രൂപവരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

(3) (1)-ഉം, (2)-ഉം ഉപവകുപ്പുകൾ പ്രകാരം ന്യായനിർണ്ണയം ചെയ്യുന്നതിന്റെ ആവശ്യത്തിലേക്കായി, ബന്ധപ്പെട്ട ഏതെങ്കിലും ആൾക്ക് പറയുവാനുള്ളത് പറയുവാൻ ന്യായമായ ഒരു അവസരം നൽകിയശേഷം ഏതെങ്കിലും പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന്റെ ആവശ്യത്തിന് അതോറിറ്റി, നിർണ്ണയിക്കപ്പെട്ട രീതിയിൽ ഒരു അന്വേഷണവിചാരണ നടത്തേണ്ടതാണ്.

(4) ഒരു അന്വേഷണവിചാരണ നടത്തുമ്പോൾ കേസിന്റെ വസ്തുതകളും സാഹചര്യങ്ങളും നേരിട്ട് അറിയാവുന്ന ഏതെങ്കിലും ആളെ അതോറിറ്റിയുടെ അഭിപ്രായത്തിൽ അന്വേഷണവിചാരണയുടെ വിഷയത്തിന് ഉപയോഗപ്രദമോ പ്രസക്തമോ ആയേക്കാവുന്ന തെളിവ് നൽകുന്നതിനായോ ഏതെങ്കിലും രേഖകൾ ഹാജരാക്കുന്നതിനായോ സമൺ ചെയ്യുന്നതിനും ഹാജരാക്കിക്കുന്നതിനും അതോറിറ്റിക്ക് അധികാരമുണ്ടായിരിക്കുന്നതും അങ്ങനെയുള്ള അന്വേഷണവിചാരണയിൽ (1)-ഉം (2)-ഉം ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള വ്യവസ്ഥകൾ പാലിക്കുന്നതിൽ അയാൾ വീഴ്ച വരുത്തിയിട്ടുണ്ടെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ, ആ ഉപവകുപ്പുകളിൽ വിനിർദ്ദേശിച്ചിട്ടുള്ള

37-ാം വകുപ്പിൽ പരാമർശിച്ചിട്ടുള്ള അക്കൗണ്ടിൽ, ഉത്തരവ് മുതൽ മുപ്പത് ദിവസങ്ങൾക്കകം നിക്ഷേപിക്കപ്പെടേണ്ട, പണമായുള്ള പിഴശിക്ഷ അതിന് ഉത്തരവിലൂടെ ചുമത്താവുന്നതാണ്.

(5) പണമായുള്ള പിഴശിക്ഷയുടെ പരിമാണം തീരുമാനിക്കുമ്പോൾ, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗവും വലിപ്പവും തരവും സ്ഥാപനം സ്ഥിതിചെയ്യുന്ന പ്രദേശത്തിന്റെ തദ്ദേശാവസ്ഥകളും കണക്കിലെടുക്കേണ്ടതാണ്.

(6) അതോറിറ്റിയുടെ തീരുമാനത്താൽ സങ്കടമനുഭവിക്കുന്ന ഏതൊരാൾക്കും പ്രസ്തുത തീരുമാനത്തിന്റെ തീയതി മുതൽ മൂന്ന് മാസങ്ങൾക്കകമുള്ള ഒരു കാലാവധിക്കുള്ളിൽ കൗൺസിലിന് ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്.

(7) (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അപ്പീൽ ഫയൽചെയ്യുന്ന രീതി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള പ്രകാരമായിരിക്കേണ്ടതാണ്.

34. ചെറിയ അപര്യാപ്തകൾക്കുള്ള ശിക്ഷ.—ഏതെങ്കിലും രോഗിയുടെ ആരോഗ്യത്തിനും സുരക്ഷയ്ക്കും ഏതെങ്കിലും അപകടം ഉടൻസംഭവിക്കാൻ സാദ്ധ്യതയില്ലാത്തതും ഒരു ന്യായമായ സമയത്തിനകം പരിഹരിക്കുവാൻ കഴിയുന്നതുമായ അപര്യാപ്തതകളിൽ പരിണമിക്കുംവിധം ഈ ആക്റ്റിലെയോ അതിൻകീഴിലുണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിലെയോ ഏതെങ്കിലും വ്യവസ്ഥ ഉല്ലംഘിക്കുന്ന ഏതൊരാളും പതിനായിരം രൂപ വരെയാകാവുന്ന പണമായുള്ള പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതാണ്.

35. കമ്പനികളാലുള്ള ഉല്ലംഘനം.—(1) ഈ ആക്റ്റിൻകീഴിൽ ഉല്ലംഘനം നടത്തുന്നത് ഒരു കമ്പനിയായിരിക്കുന്നിടത്ത്, അങ്ങനെയുള്ള ഉല്ലംഘനം നടത്തിയ സമയത്ത് കമ്പനിയുടെ ബിസിനസ് നടത്തിപ്പിനുവേണ്ടി കമ്പനിയുടെ ചാർജ് വഹിച്ചിരുന്നതും ഉത്തരവാദിയായിരുന്നതുമായ ഓരോ ആളും അതുപോലെതന്നെ കമ്പനിയും, ഉല്ലംഘനത്തിന് അപരാധിയായി കരുതപ്പെടേണ്ടതും അവർക്കെതിരെ നിയമ നടപടിയെടുക്കുന്നതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ് :

എന്നാൽ ഈ ഉപവകുപ്പിൽ അടങ്ങിയിട്ടുള്ള യാതൊന്നും അങ്ങനെയുള്ള ഏതെങ്കിലും ആളെ, ഉല്ലംഘനം നടത്തപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള ഉല്ലംഘനമുണ്ടാകുന്നത് തടയുവാൻ അയാൾ വേണ്ട എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ അയാൾ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

(2) (1)-ാം ഉപവകുപ്പിൽ എന്തുതന്നെ അടങ്ങിയിരുന്നാലും, ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടത്തിന്റെയോ ഏതെങ്കിലും വ്യവസ്ഥയുടെ ഒരു ഉല്ലംഘനം ഒരു കമ്പനിയാൽ നടത്തിയിരിക്കുകയും ഉല്ലംഘനം നടന്നിട്ടുള്ളത് കമ്പനിയുടെ ഏതെങ്കിലും ഡയറക്ടറുടെയോ മാനേജരുടെയോ സെക്രട്ടറിയുടെയോ മറ്റ് ആഫീസർമാരുടെയോ സമ്മതത്തോടെയോ മൗനാനുവാദത്തോടുകൂടിയാണെന്നോ അവരുടെ ഭാഗത്തുനിന്നുള്ള ഏതെങ്കിലും ഉപേക്ഷമൂലമാണെന്ന് ആരോപിക്കപ്പെടാവുന്ന താണെന്നോ തെളിയിക്കുകയും ചെയ്യുന്നിടത്ത്, അങ്ങനെയുള്ള ഡയറക്ടറോ, മാനേജരോ, സെക്രട്ടറിയോ അല്ലെങ്കിൽ മറ്റ് ആഫീസർമാരോ കൂടി ആ ഉല്ലംഘനത്തിന് അപരാധിയാണെന്ന് കരുതപ്പെടേണ്ടതും പണമായുള്ള പിഴശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്.

<u>വിശദീകരണം</u>:—ഈ വകുപ്പിന്റെ ആവശ്യങ്ങൾക്കായി,—

(എ) "കമ്പനി" എന്നാൽ ഒരു ഏകാംഗീകൃത നികായം എന്നർത്ഥമാകുന്നതും അതിൽ ഒരു ഫേമോ ഒരു സഹകരണ സംഘമോ വ്യക്തികളുടെ മറ്റു സമാജമോ ഉൾപ്പെടുന്നതും ;

(ബി) "ഡയറക്ടർ" എന്നാൽ ഒരു ഫേമിനെ സംബന്ധിച്ചിടത്തോളം, ആ ഫേമിലെ ഒരു പങ്കാളി എന്നർത്ഥമാകുന്നതുമാണ്.

36. <u>സർക്കാർ വകുപ്പുകളാലുള്ള കുറ്റങ്ങൾ</u>.—ഈ ആക്റ്റ് പ്രകാരമുള്ള ഒരു കുറ്റം സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം ചെയ്തിട്ടുള്ളിടത്ത്, ആ ക്ലിനിക്കൽ സ്ഥാപനത്തിന്റെ ഉത്തരവാദിത്വമുള്ള ആഫീസർ ആ കുറ്റത്തിന് അപരാധിയായി കരുതപ്പെടേണ്ടതും എതിരായി നടപടി എടുക്കപ്പെടുന്നതിനും അതനുസരിച്ച് ശിക്ഷിക്കപ്പെടുന്നതിനും ബാദ്ധ്യസ്ഥനായിരിക്കുന്നതുമാണ്:

എന്നാൽ ഈ വകുപ്പിൽ അടങ്ങിയിരിക്കുന്ന യാതൊന്നും അങ്ങനെയുള്ള ആഫീസറെ, കുറ്റം ചെയ്യപ്പെട്ടത് അയാളുടെ അറിവ് കൂടാതെയാണെന്നോ അങ്ങനെയുള്ള കുറ്റം ചെയ്യപ്പെടുന്നത് തടയുവാൻ അയാൾ വേണ്ടത്ര എല്ലാ ശ്രദ്ധയും ചെലുത്തിയിരുന്നുവെന്നോ തെളിയിക്കുന്നുവെങ്കിൽ, ഏതെങ്കിലും ശിക്ഷയ്ക്ക് ബാദ്ധ്യസ്ഥനാക്കുന്നതല്ല.

## <u>അദ്ധ്യായം VI</u>

## ധനകാര്യവും അക്കൗണ്ടുകളും

37. <u>പ്രത്യേക അക്കൗണ്ടുകളിലേക്ക് ഒടുക്കേണ്ട ഫീസുകളും ഫൈനുകളും പിഴകളും</u>.—കൗൺസിലും അതോറിറ്റിയും ഫീസുകളും ഫൈനുകളും പിഴകളുമായി ശേഖരിക്കുന്ന തുകകൾ, സർക്കാർ ഉത്തരവുവഴി ഇതിലേക്കായി വിനിർദ്ദേശിച്ചേക്കാവുന്ന അങ്ങനെയുള്ള പ്രത്യേകം അക്കൗണ്ടുകളിൽ നിക്ഷേപിക്കേണ്ടതും ഈ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾക്കായി ഉപയോഗിക്കേണ്ടതുമാണ്.

## <u>അദ്ധ്യായം VII</u>

## അപ്പീലുകളും, റിവിഷനും പരാതി പരിഹാരവും

38. <u>അപ്പീലുകൾ</u>.—(1) ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നൽകുന്നതോ അല്ലെങ്കിൽ പുതുക്കുന്നത് നിരസിക്കുന്നതോ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതോ റിവിഷൻ ചെയ്യുന്നതോ ആയ അതോറിറ്റിയുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാളിനും, നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ അപ്രകാരമുള്ള നിരസിക്കലിന് അല്ലെങ്കിൽ റദ്ദാക്കലിന് അല്ലെങ്കിൽ റിവിഷന് നാല്പത്തിയഞ്ചു ദിവസത്തിനകം, കൗൺസിൽ മുമ്പാകെ ഒരു അപ്പീൽ ബോധിപ്പിക്കാവുന്നതാണ്:

എന്നാൽ യഥാസമയം അപ്പീൽ ബോധിപ്പിക്കുന്നതിൽ നിന്നും അപ്പീൽവാദി തടയപ്പെട്ടത് മതിയായ കാരണത്താലാണെന്ന് ബോദ്ധ്യപ്പെടുകയാണെങ്കിൽ നാല്പത്തിയഞ്ച് ദിവസങ്ങൾ കഴിഞ്ഞതിനുശേഷം നൽകിയ ഒരു അപ്പീൽ കൗൺസിലിന് സ്വീകരിക്കാവുന്നതാണ്.

(2) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള ഫാറത്തിലും അങ്ങനെയുള്ള ഫീസിനോട് കൂടിയും നൽകേണ്ടതാണ്.

(3) (1)-ാം ഉപവകുപ്പ് പ്രകാരമുള്ള ഓരോ അപ്പീലും അപ്പീൽ നൽകിയ തീയതി മുതൽ തൊണ്ണൂറ് ദിവസങ്ങൾക്കകം അപ്പീൽവാദിക്ക് പറയുവാനുള്ളത് പറയുവാൻ ഒരു അവസരം നൽകിയതിനുശേഷം കൗൺസിൽ തീർപ്പാക്കേണ്ടതാണ്.

39. റിവിഷൻ.—സർക്കാരിന്, സ്വമേധയായോ അതിന് നൽകിയ അപേക്ഷ യിന്മേലോ കൗൺസിൽ ഉത്തരവ് പുറപ്പെടുവിച്ച ഏതെങ്കിലും കേസിനെ സംബന്ധിക്കുന്ന രേഖകൾ ആവശ്യപ്പെടാവുന്നതും, ആ ഉത്തരവ് അനുചിതമാണെന്നോ നിയമവിരുദ്ധ മാണെന്നോ സർക്കാരിന് തോന്നുന്നപക്ഷം ബന്ധപ്പെട്ടവർക്ക് പറയുവാനുള്ളത് പറയുവാൻ ഒരവസരം നൽകിയതിനുശേഷം അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള ഉത്തരവ് പുറപ്പെടുവിക്കാവുന്നതാണ്.

40. പരാതി പരിഹാരം.—ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനം ഈ ആക്റ്റിലെയോ അതിൻകീഴിൽ ഉണ്ടാക്കപ്പെട്ട ചട്ടങ്ങളിലെയോ വ്യവസ്ഥകളുടെ ലംഘനം സംബന്ധിച്ച് പൊതുജനങ്ങളിൽനിന്നും പരാതികൾ സ്വീകരിക്കുന്നതിനായി നിർണ്ണയിക്കപ്പെടാവുന്ന അങ്ങനെയുള്ള രീതിയിൽ കൗൺസിലിന് ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കേണ്ടതാണ്.

## അദ്ധ്യായം VIII

## ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധന

41. പരിശോധന.—(1) കൗൺസിലിനോ അതോറിറ്റിക്കോ അവർ അധികാര പ്പെടുത്തിയ ഏതെങ്കിലും ഉദ്യോഗസ്ഥനോ ഏതെങ്കിലും ക്ലിനിക്കൽ സ്ഥാപനത്തെയും അതിന്റെ കെട്ടിടത്തെയും ലബോറട്ടറികളെയും രോഗനിർണ്ണയ സൗകര്യങ്ങളെയും ഉപകരണത്തെയും കൂടാതെ ക്ലിനിക്കൽ സ്ഥാപനം നടത്തിയതോ ചെയ്തതോ ആയ പ്രവർത്തിയേയും സംബന്ധിച്ച് അത് നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള ആളാലോ ആളുകളാലോ ഒരു പരിശോധനയ്ക്കിടയാക്കുന്നതിനോ അന്വേഷണം നടത്തപ്പെടുന്നതിനോ കൂടാതെ ക്ലിനിക്കൽ സ്ഥാപനത്തിന് നോട്ടീസ് നൽകിയതിനുശേഷം രജിസ്ട്രേഷന്റെ ഏതെങ്കിലും മാനദണ്ഡങ്ങളെയോ ഉപാധികളെയോ സംബന്ധിച്ച് ഒരു അന്വേഷണത്തിന് ഇടയാക്കുന്നതിനോ അവകാശമുണ്ടായിരിക്കുന്നതും ആ സ്ഥാപനത്തിന് അവിടെ പ്രതിനിധീകരിക്കപ്പെടുന്നതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

(2) കൗൺസിൽ, ആശുപത്രികളുടെ വിലയിരുത്തൽ നടത്തുന്നതിലേക്കായി യോഗ്യതയുള്ള വ്യക്തികളെ വിജ്ഞാപനം ചെയ്യേണ്ടതാണ്.

(3) അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലത്തെ സംബന്ധിക്കുന്ന കൗൺസിലിന്റെയോ അതോറിറ്റിയുടെയോ അഭിപ്രായങ്ങൾ, അതതു സംഗതിപോലെ, കൗൺസിലോ അതോറിറ്റിയോ ക്ലിനിക്കൽ സ്ഥാപനത്തെ അറിയിക്കേണ്ടതും അതിന്മേലുള്ള ക്ലിനിക്കൽ സ്ഥാപനത്തിന്റെ അഭിപ്രായം തിട്ടപ്പെടുത്തിയ ശേഷം എടുക്കേണ്ട നടപടി ആ സ്ഥാപനത്തോട് നിർദ്ദേശിക്കാവുന്നതുമാണ്.

(4) അങ്ങനെയുള്ള പരിശോധനയുടെയോ അന്വേഷണത്തിന്റെയോ ഫലങ്ങളിൻമേൽ എടുക്കപ്പെടുന്നതിന് നിർദ്ദേശിക്കപ്പെട്ടിട്ടുള്ളതോ എടുത്തതോ ആയ നടപടി, ഏതെങ്കിലും ഉണ്ടെങ്കിൽ, ക്ലിനിക്കൽ സ്ഥാപനം, കൗൺസിലിനോ അതോറിറ്റിക്കോ, അതതു സംഗതിപോലെ, റിപ്പോർട്ട് ചെയ്യേണ്ടതും അങ്ങനെയുള്ള റിപ്പോർട്ട് കൗൺസിലോ അതോറിറ്റിയോ നിർദ്ദേശിക്കാവുന്ന അങ്ങനെയുള്ള സമയത്തിനകം നൽകേണ്ടതുമാണ്.

(5) ഒരു ന്യായമായ സമയത്തിനകം കൗൺസിലിനോ അതോറിറ്റിക്കോ, തൃപ്തികരമായ നടപടി ക്ലിനിക്കൽ സ്ഥാപനം എടുക്കാതിരിക്കുന്നിടത്ത്, കൗൺസിലോ അതോറിറ്റിയോ, അതതു സംഗതിപോലെ, ക്ലിനിക്കൽ സ്ഥാപനം നൽകിയ ഏതെങ്കിലും വിശദീകരണമോ കൊടുത്ത നിവേദനമോ പരിഗണിച്ചശേഷം, കൗൺസിലിനോ അതോറിറ്റിക്കോ അത് യുക്തമെന്ന് കരുതുന്ന അങ്ങനെയുള്ള നിർദ്ദേശങ്ങൾ, പുറപ്പെടുവിക്കാവുന്നതും അങ്ങനെയുള്ള നിർദ്ദേശങ്ങൾ ക്ലിനിക്കൽ സ്ഥാപനം പാലിക്കേണ്ടതുമാണ്.

(6) മുൻ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ച ഒരു ന്യൂനത പരിഹരിക്കപ്പെട്ടുവെന്ന ക്ലിനിക്കൽ സ്ഥാപനത്തിന്റെ അവകാശവാദം പരിശോധിക്കുന്നതിനല്ലാതെ ആദ്യ പരിശോധനയുടെ തീയതി മുതൽ മൂന്ന് മാസത്തിനകം അങ്ങനെയുള്ള യാതൊരു പരിശോധനയും ഒരു വർഷത്തിനുള്ളിൽ രണ്ടിൽ കൂടുതൽ പരിശോധനകളും നടത്തുവാൻ പാടില്ലാത്തതാകുന്നു.

42. പ്രവേശിക്കുന്നതിനുള്ള അധികാരം.—ഏതെങ്കിലും ആൾ ഒരു ക്ലിനിക്കൽ സ്ഥാപനം രജിസ്ട്രേഷനില്ലാതെ നടത്തി വരുന്നതായി സംശയിക്കുന്നതിന് എന്തെങ്കിലും കാരണമുണ്ടെങ്കിൽ കൗൺസിലിനോ അതോറിറ്റിക്കോ അത് അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ന്യായമായ ഏത് സമയത്തും പ്രവേശിക്കാവുന്നതും നിർണ്ണയിക്കപ്പെടാവുന്ന രീതിയിൽ പരിശോധന നടത്താവുന്നതും പരിശോധനയ്ക്കോ അന്വേഷണത്തിനോ ഉള്ള ന്യായമായ സൗകര്യങ്ങൾ ക്ലിനിക്കൽ സ്ഥാപനം നൽകേണ്ടതും അവിടെ പ്രതിനിധീകരിക്കപ്പെടുന്നതിന് അതിന് അവകാശമുണ്ടായിരിക്കുന്നതുമാണ്.

## അദ്ധ്യായം IX

## പലവക

43. രജിസ്ട്രേഷൻ സർട്ടിഫിക്കറ്റും മറ്റ് വിവരവും ക്ലിനിക്കൽ സ്ഥാപനം പ്രദർശിപ്പിക്കണമെന്ന്.—(1) ഓരോ ക്ലിനിക്കൽ സ്ഥാപനവും ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് അതിന്റെ താത്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രദർശിപ്പിക്കേണ്ടതാണ്.

(2) ഓരോ ക്ലിനിക്കൽ സ്ഥാപനവും, രോഗികളുടെ അറിവിലേക്കായി ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധയാകർഷിക്കത്തക്ക ഒരു സ്ഥലത്ത് ഇംഗ്ലീഷിലെന്ന പോലെ പ്രാദേശിക ഭാഷയിലും അത് നൽകുന്ന ഓരോ തരത്തിലുമുള്ള സേവനത്തിന് ഈടാക്കുന്ന നിരക്കും ലഭ്യമായിട്ടുള്ള സൗകര്യങ്ങളും പ്രദർശിപ്പിക്കേണ്ടതാണ്.

44. മെഡിക്കൽ രേഖകളുടെ വച്ചുപോരൽ.—ഓരോ ക്ലിനിക്കൽ സ്ഥാപനവും രോഗികളുടെ മെഡിക്കൽ രേഖകൾ വച്ചുപോരേണ്ടതും അതിന്റെ പകർപ്പ് രോഗികൾക്കോ അവരുടെ ബന്ധുക്കൾക്കോ അപേക്ഷയിൻമേൽ നൽകേണ്ടതുമാണ്. രോഗി പണമടച്ച രോഗനിർണ്ണയ പരിശോധനയുടെ ഫലങ്ങളും വിടുതൽ സംഗ്രഹവും ആശുപത്രികളിൽ നിന്നും വിടുതൽ ചെയ്യുന്ന സമയത്ത് രോഗികൾക്ക് ലഭ്യമാക്കേണ്ടതാണ്.

45. അതോറിറ്റി വിവരം പ്രദർശിപ്പിക്കണമെന്ന്.—അതോറിറ്റി താല്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ നൽകി മുപ്പത് ദിവസങ്ങൾക്കകം നിർണ്ണയിക്കപ്പെടാവുന്ന അപ്രകാരമുള്ള രീതിയിൽ ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിശദവിവരങ്ങൾ പ്രസിദ്ധീകരിക്കപ്പെടുവാൻ ഇടയാക്കേണ്ടതാണ്.

46. ഉത്തമവിശ്വാസപൂർവ്വം ചെയ്ത പ്രവർത്തികൾക്ക് സംരക്ഷണം.—(1) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിക്കുന്നതോ ആയ എന്തെങ്കിലും സംബന്ധിച്ച് ഏതെങ്കിലും അംഗത്തിനോ ആഫീസർക്കോ അതോറിറ്റിയോ കൗൺസിലോ അധികാരപ്പെടുത്തിയ മറ്റേതെങ്കിലും ജീവനക്കാരനോ എതിരായി യാതൊരു വ്യവഹാരമോ പ്രോസിക്യൂഷനോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

(2) ഈ ആക്റ്റിലേയോ അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലേയോ വ്യവസ്ഥകൾക്ക് അനുസൃതമായി ഉത്തമ വിശ്വാസപൂർവ്വം ചെയ്തതോ ചെയ്യുവാൻ ഉദ്ദേശിച്ചതോ ആയ ഏതെങ്കിലും മുഖേന ഉണ്ടായതോ ഉണ്ടാകാൻ ഇടയുള്ളതോ ആയ ഏതെങ്കിലും നഷ്ടത്തിനോ നാശനഷ്ടത്തിനോ അതോറിറ്റിക്കോ കൗൺസിലിനോ എതിരായി യാതൊരു വ്യവഹാരമോ മറ്റ് നിയമ നടപടികളോ നിലനിൽക്കുന്നതല്ല.

47. പിഴ ഈടാക്കൽ.—ഈ ആക്റ്റിൻകീഴിൽ ചുമത്തിയതും തിരിച്ചടയ്ക്കാൻ ബാക്കിയുള്ളതുമായ പിഴകൾ ഭൂമിയിന്മേലുള്ള നികുതി കുടിശ്ശിക എന്നപോലെ ഈടാക്കേണ്ടതാണ്.

48. നിർദ്ദേശങ്ങൾ നൽകുന്നതിനുള്ള അധികാരം.—ഈ ആക്റ്റിലെ മുൻപറഞ്ഞ വ്യവസ്ഥകൾക്ക് ഭംഗം വരാതെ ആക്റ്റിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനും റിട്ടേണുകളും, സ്ഥിതിവിവരക്കണക്കുകളും പൊതു ജനാരോഗ്യത്തേയും ആരോഗ്യ പരിപാലനത്തേയും സംബന്ധിച്ച മറ്റ് വിവരങ്ങളും ആവശ്യപ്പെടുന്നതിനും സർക്കാരിന് അധികാരം ഉണ്ടായിരിക്കും.

49. അതോറിറ്റിയുടെയും കൗൺസിലിന്റെയും ജീവനക്കാർ പബ്ലിക് സെർവന്റുമായിരിക്കുമെന്ന്.—കൗൺസിലിന്റെയും അതോറിറ്റിയുടേയും ഓരോ ജീവനക്കാരനും ഈ ആക്റ്റിലേയും അതിൻകീഴിൽ ഉണ്ടാക്കിയ ഏതെങ്കിലും ചട്ടങ്ങളിലെയും വ്യവസ്ഥകൾക്ക് അനുസൃതമായി പ്രവർത്തിക്കുമ്പോഴോ പ്രവർത്തിക്കുന്നതായി കരുതുമ്പോഴോ 1860-ലെ ഇന്ത്യൻ ശിക്ഷാനിയമ സംഹിതയുടെ (1860-ലെ 45-ാം കേന്ദ്ര ആക്റ്റ്) 21-ാം വകുപ്പിന്റെ അർത്ഥത്തിനുള്ളിലെ പബ്ലിക് സെർവന്റുമാരായി കരുതപ്പെടേണ്ടതാണ്.

50. സിവിൽ കോടതികളുടെ അധികാരിതയ്ക്ക് വിലക്ക്.—അതോറിറ്റിയോ കൗൺസിലോ അവർ ചുമതലപ്പെടുത്തിയ മറ്റേതൊരു ആഫീസറോ ഈ ആക്റ്റ് പ്രകാരമോ അതിൻകീഴിലോ തീർപ്പാക്കേണ്ടതോ തീരുമാനിക്കേണ്ടതോ കൈകാര്യം ചെയ്യേണ്ടതോ പരിഹരിക്കേണ്ടതോ, നിർണ്ണയിക്കേണ്ടതോ പുറപ്പെടുവിക്കേണ്ടതോ ആയ ഏതെങ്കിലും പ്രശ്നം ഒത്തുതീർപ്പാക്കുന്നതിനോ, തീരുമാനിക്കുന്നതിനോ കൈകാര്യം ചെയ്യുന്നതിനോ നിർണ്ണയിക്കുന്നതിനോ പുറപ്പെടുവിക്കുന്നതിനോ ഏതൊരു കാര്യം നിർണ്ണയിക്കുന്നതിനോ അല്ലെങ്കിൽ ഏതെങ്കിലും ഉത്തരവിൽ ഇടപെടുന്നതിനോ യാതൊരു സിവിൽ കോടതിക്കും അധികാരിത ഉണ്ടായിരിക്കുന്നതല്ല.

51. അത്യാഹിതത്തിൽപ്പെട്ടവരുടെ ചികിത്സ.—ക്ലിനിക്കൽ സ്ഥാപനം, ആവശ്യമായേക്കാവുന്ന അങ്ങനെയുള്ള മെഡിക്കൽ പരിശോധനയും ചികിത്സയും നൽകേണ്ടതും രോഗികളുടെ ജീവൻ രക്ഷിക്കുന്നതിനും മറ്റ് ആശുപത്രികളിൽ സുരക്ഷിതമായി രോഗിയെ എത്തിക്കുന്നതിനും ആ സ്ഥാപനത്തിലെ ജീവനക്കാരേയും സൗകര്യങ്ങളും നൽകേണ്ടതുമാണ്. ഓരോ വിഭാഗത്തിലുമുള്ള ക്ലിനിക്കൽ സ്ഥാപനവും അവർ നൽകുന്ന ജീവൻ രക്ഷാ സേവനങ്ങൾ കൗൺസിൽ വിജ്ഞാപനം ചെയ്യേണ്ടതാണ്.

52. വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് പ്രാബല്യം നൽകുന്നതിന് എന്തെങ്കിലും വൈഷമ്യം ഉണ്ടാകുന്നപക്ഷം, സർക്കാരിന്, ഔദ്യോഗിക ഗസറ്റിൽ പ്രസിദ്ധപ്പെടുത്തുന്ന ഉത്തരവുവഴി ആ വൈഷമ്യം നീക്കം ചെയ്യുന്നതിന് ആവശ്യമെന്നോ യുക്തമെന്നോ അത് കരുതുന്ന ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിരുദ്ധമല്ലാത്ത അങ്ങനെയുള്ള വ്യവസ്ഥകൾ ഉണ്ടാക്കാവുന്നതാണ് :

എന്നാൽ, ഈ ആക്റ്റ് പ്രാബല്യത്തിൽ വന്ന് രണ്ട് വർഷത്തിനുശേഷം അത്തരം യാതൊരു ഉത്തരവും ഉണ്ടാക്കുവാൻ പാടുള്ളതല്ല.

(2) ഈ വകുപ്പ് പ്രകാരം ഉണ്ടാക്കിയ ഓരോ ഉത്തരവും അത് ഉണ്ടാക്കിയശേഷം, കഴിയുന്നത്രവേഗം നിയമസഭയുടെ മുമ്പാകെ വയ്ക്കേണ്ടതാണ്.

53. ചട്ടങ്ങൾ ഉണ്ടാക്കുവാനുള്ള അധികാരം.—(1) സർക്കാരിന് വിജ്ഞാപനം വഴി ഈ ആക്റ്റിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) പ്രത്യേകിച്ചും മുൻപറഞ്ഞ അധികാരത്തിന്റെ സാമാന്യതയ്ക്ക് ഭംഗം വരാതെയും അങ്ങനെയുള്ള ചട്ടങ്ങൾ താഴെ പറയുന്ന എല്ലാമോ ഏതെങ്കിലുമോ കാര്യങ്ങൾക്ക് വ്യവസ്ഥ ചെയ്യാവുന്നതാണ്, അതായത് :—

(എ) ഓരോ വിഭാഗം ക്ലിനിക്കൽ സ്ഥാപനത്തിനും വേണ്ടതായ ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ ;

(ബി) കൗൺസിലിന്റെ അനൗദ്യോഗിക അംഗങ്ങൾക്ക് നൽകേണ്ടതായ ബത്തകൾ ;

(സി) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സ്റ്റേറ്റ് രജിസ്റ്ററിന്റെ ഫാറവും വിശദാംശങ്ങളും ;

(ഡി) അതോറിറ്റി, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ വച്ചുപോരേണ്ട രീതി ;

(ഇ) അതോറിറ്റി നിർവ്വഹിക്കേണ്ട മറ്റ് ചുമതലകൾ ;

(എഫ്) ക്ലിനിക്കൽ സ്ഥാപനങ്ങളിലെ മെഡിക്കൽ, പാരാമെഡിക്കൽ ജീവനക്കാരുടെ ഏറ്റവും കുറഞ്ഞ യോഗ്യതകൾ ;

(ജി) ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ട സുരക്ഷാ മാനദണ്ഡങ്ങളും അണുബാധാനിയന്ത്രണവും, നിലവാരമുള്ള ചികിത്സയുടെ മാർഗ്ഗനിർദ്ദേശങ്ങളും ;

(എച്ച്) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുള്ള മറ്റ് വ്യവസ്ഥകൾ ;

(ഐ) താത്ക്കാലിക രജിസ്ട്രേഷനുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾ, സ്ഥിരം രജിസ്ട്രേഷനുള്ള മിനിമം മാനദണ്ഡങ്ങൾ കൈവരിക്കുന്നതിനുള്ള കാലാവധി ;

(ജെ) ഈ ആക്റ്റിന്റെ പ്രാരംഭത്തിനു ശേഷം നിലവിൽ വന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾ സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ട കാലാവധി ;

(കെ) താത്ക്കാലിക രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷാ ഫോറവും ഫീസും ;

(എൽ) താത്ക്കാലിക രജിസ്ട്രേഷൻ കാലാവധി കഴിഞ്ഞതിനുശേഷം പുതുക്കുന്നതിനുള്ള വർദ്ധിപ്പിച്ച ഫീസ് ;

(എം) സ്ഥിരം രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കേണ്ട ഫാറവും, രീതിയും, ഫീസും ;

(എൻ) ക്ലിനിക്കൽ സ്ഥാപനങ്ങളുടെ പരിശോധനാ ഫലങ്ങൾ പൊതു ജനങ്ങൾക്ക് ലഭ്യമാക്കേണ്ട രീതി ;

(ഒ) സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള ഫീസ് ;

(പി) 25-ാം വകുപ്പ് പ്രകാരം വിനിർദ്ദേശിക്കപ്പെട്ട തീയതി കഴിഞ്ഞശേഷം സ്ഥിരം രജിസ്ട്രേഷൻ പുതുക്കുന്നതിനുള്ള വർദ്ധിപ്പിച്ച ഫീസ് ;

(ക്യു) താത്ക്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷനുവേണ്ടിയുള്ള അപേക്ഷയുടെ കൈപ്പറ്റ് രസീതിന്റെ മാതൃക ;

(ആർ) താത്ക്കാലികം അല്ലെങ്കിൽ സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും വിശദാംശങ്ങളും ;

(എസ്) താത്ക്കാലികം അല്ലെങ്കിൽ സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഡ്യൂപ്ലിക്കേറ്റിനുവേണ്ടുയുള്ള ഫീസ് ;

(റ്റി) ഈ ആക്റ്റിൻകീഴിൽ അതോറിറ്റി അന്വേഷണം നടത്തേണ്ട രീതി ;

(യു) ഈ ആക്റ്റിൻകീഴിൽ അപ്പീൽ ഫയൽ ചെയ്യേണ്ട രീതി ;

(വി) ഈ ആക്റ്റിൻകീഴിൽ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള ഫീസ് ;

(ഡബ്ല്യു) 40-ാം വകുപ്പിൻകീഴിൽ പരാതി പരിഹാര സംവിധാനം ഉണ്ടാക്കുന്നതിനുള്ള രീതി ;

(എക്സ്) 42-ാം വകുപ്പിൻകീഴിൽ ഒരു ക്ലിനിക്കൽ സ്ഥാപനത്തിൽ പരിശോധന നടത്തേണ്ടതായ രീതി ;

(വൈ) 45-ാം വകുപ്പിൻകീഴിൽ അതോറിറ്റി, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിവരങ്ങൾ പ്രസിദ്ധീകരിക്കേണ്ട രീതി.

(3) ഈ ആക്റ്റ് പ്രകാരം ഉണ്ടാക്കിയിട്ടുള്ള ഓരോ ചട്ടവും, അത് ഉണ്ടാക്കിയതിനുശേഷം, കഴിയുന്നത്രവേഗം നിയമസഭ സമ്മേളനത്തിലായിരിക്കുമ്പോൾ സഭ മുമ്പാകെ ഒരു സമ്മേളനത്തിലോ അല്ലെങ്കിൽ തുടർച്ചയായ രണ്ട് സമ്മേളനങ്ങളിലോ പെടാവുന്ന ആകെ പതിനാല് ദിവസത്തേക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ്, നിയമസഭ ചട്ടത്തിൽ എന്തെങ്കിലും രൂപഭേദം വരുത്തുകയോ ആ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം, ആ ചട്ടത്തിന്, അതിനുശേഷം, അതതുസംഗതിപോലെ, അപ്രകാരം രൂപഭേദപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യം ഉണ്ടായിരിക്കുകയോ, അഥവാ യാതൊരു പ്രാബല്യവും ഇല്ലാതായിത്തീരുകയോ ചെയ്യുന്നതുമാണ്, എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപഭേദപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുമ്പ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതുമാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേന്ദ്ര സർക്കാർ 2010-ലെ ക്ലിനിക്കൽ സ്ഥാപനങ്ങളുടെ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്റ്റ് എന്ന നിയമം കൊണ്ടുവരുകയും ഏതാനും ചില സംസ്ഥാനങ്ങൾ അത് സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. രാജ്യത്തെ ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിർണ്ണയിച്ചുകൊണ്ട് ആതുരസേവന രംഗത്ത് ഐകരൂപ്യം കൊണ്ടുവരുന്നതിന് ലക്ഷ്യമിട്ടാണ് പ്രസ്തുത നിയമം കൊണ്ടുവന്നിരിക്കുന്നത്.

കേരളത്തിൽ എഴുപത് ശതമാനത്തിലധികവും ആരോഗ്യ സേവനം ലഭ്യമാക്കുന്നത് സ്വകാര്യമേഖലയിലെ ആശുപത്രികളും, ഡിസ്പെൻസറികളും, ലബോറട്ടറികളുമാണ്. ഈ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങളെ കാര്യക്ഷമമായി നിയന്ത്രിക്കുവാൻ സംസ്ഥാനത്ത് ഒരു നിയമവും നിലവിലില്ല. കേരളത്തിലെ സാഹചര്യം ഇതര സംസ്ഥാനങ്ങളെ അപേക്ഷിച്ച് വിഭിന്നമായതിനാൽ സംസ്ഥാനത്തിന് മാത്രം ബാധകമായ ഒരു നിയമം ആവശ്യമാണെന്ന് സർക്കാർ കരുതുന്നു. സർക്കാർ, ഇക്കാര്യത്തിൽ ഈ മേഖലയിലെ വിദഗ്ദ്ധന്മാരുമായി കൂടിയാലോചന നടത്തിയാണ് കേരളത്തിന്റെ സാഹചര്യത്തിന് അനുയോജ്യമായ ഒരു ബിൽ കൊണ്ടുവന്നിട്ടുള്ളത്. പൊതുജനാരോഗ്യം മെച്ചപ്പെടുത്തുന്നതിനായി, ക്ലിനിക്കൽ സ്ഥാപനങ്ങൾ ലഭ്യമാക്കുന്ന സേവനങ്ങളുടെയും സൗകര്യങ്ങളുടെയും ഏറ്റവും കുറഞ്ഞ നിലവാരം നിശ്ചയിക്കുന്നതിനും അവയുടെ രജിസ്ട്രേഷനും, നിയന്ത്രണത്തിനുമാണ് ബില്ലിൽ പ്രധാനമായി വ്യവസ്ഥ ചെയ്യുന്നത്. ഈ ബില്ല് ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ലൈസൻസ് നൽകുന്നതിനുള്ള ഒരു സംവിധാനവും വിഭാവനം ചെയ്യുന്നു. പ്രതിരോധ വകുപ്പിന്റെ കീഴിലില്ലാത്ത, എല്ലാ അംഗീകൃത ചികിത്സാ സമ്പ്രദായങ്ങളിലും പെടുന്ന ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് ഈ ബില്ലിലെ വ്യവസ്ഥകൾ ബാധകമാണ്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനും റെഗുലേഷനും വ്യവസ്ഥ ചെയ്യുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമനിർമ്മാണം. ഈ ബില്ലിലെ 3-ാം ഖണ്ഡപ്രകാരം രൂപീകരിക്കപ്പെടുന്ന സംസ്ഥാന കൗൺസിലിന്റെ മേൽനോട്ടത്തിൽ രജിസ്ട്രേഷൻ നടപടികൾ നിർവ്വഹിക്കാവുന്നതും ആ സംസ്ഥാന കൗൺസിലിന് ഒരു സെക്രട്ടറി ഉണ്ടായിരിക്കുന്നതുമാണ്. ഈ നിയമപ്രകാരമുള്ള രജിസ്ട്രേഷൻ നടപടികൾ, ഏറ്റവും കുറച്ച് തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ഓൺലൈനായി നടപ്പാക്കാവുന്നതാണ്. ആരോഗ്യവകുപ്പിലെ നിലവിലുള്ള ജീവനക്കാരെ ഉപയോഗിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങളെ നിരീക്ഷിക്കുന്നതിനും പരിശോധിക്കുന്നതിനും ഈ നിയമത്തിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും കഴിയും. രജിസ്ട്രേഷൻ നടപടികളിൽ നിന്നും വരുമാനം പ്രതീക്ഷിക്കുന്നതിനാൽ ആദ്യ രണ്ട് വർഷത്തേക്ക് 50 ലക്ഷം രൂപയുടെ പ്രാരംഭ ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ബില്ലിലെ 3-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, വിജ്ഞാപനം മുഖേന, ക്ലിനിക്കൽ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന കൗൺസിൽ എന്ന പേരിൽ ഒരു കൗൺസിൽ രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ഉദ്ദേശിക്കുന്നു.

2. ബില്ലിലെ 4-ാം ഖണ്ഡത്തിന്റെ (എ) ഇനം, ഏറ്റവും കുറഞ്ഞ മാനദണ്ഡങ്ങൾ നിർദ്ദേശിച്ച് ക്ലിനിക്കൽ സ്ഥാപനങ്ങൾ തരം തിരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (കെ) ഇനം, പ്രസ്തുത ഖണ്ഡത്തിൽ പറയാത്ത മറ്റ് ചുമതലകൾ കൗൺസിലിനെ ഏൽപ്പിക്കാൻ സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

3. ബില്ലിന്റെ 13-ാം ഖണ്ഡം, സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി, യോഗങ്ങളിലെ ക്വാറവും ബിസിനസ്സ് നടത്തിപ്പിലെ നടപടിക്രമവും നിശ്ചയിച്ചുകൊണ്ട് റെഗുലേഷനുകൾ ഉണ്ടാക്കുന്നതിന് കൗൺസിലിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

4. ബില്ലിലെ 15-ാം ഖണ്ഡം, കൗൺസിലിലെ അനൗദ്യോഗിക അംഗങ്ങൾക്ക് ബത്തകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

5. ബില്ലിലെ 16-ാം ഖണ്ഡം, (1)-ാം ഉപഖണ്ഡം, ക്ലിനിക്കൽ സ്ഥാപനങ്ങളുടെ സംസ്ഥാന രജിസ്റ്റർ വച്ചുപോരേണ്ട രീതിയും അതിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം മേൽപ്പറഞ്ഞ രജിസ്റ്ററിലെ ഓരോ എൻട്രിയുടെയും പകർപ്പ് കൗൺസിൽ, അതോറിറ്റിക്ക് നല്കുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

6. ബില്ലിലെ 17-ാം ഖണ്ഡം, വിവിധ വിഭാഗങ്ങളിലുള്ള ക്ലിനിക്കൽ സ്ഥാപനങ്ങൾക്ക് വ്യത്യസ്തമായ മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

7. ബില്ലിലെ 18-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, വിജ്ഞാപനം മുഖേന, ഓരോ ജില്ലയിലേയും ക്ലിനിക്കൽ സ്ഥാപനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം (എഫ്) ഇനം, വിജ്ഞാപനം മുഖേന, പ്രസ്തുത ഖണ്ഡങ്ങളിൽ പറയാത്തതും അതോറിറ്റി നിർവ്വഹിക്കേണ്ടതുമായ മറ്റ് ചുമതലകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

8. ബില്ലിലെ 19-ാം ഖണ്ഡം, (എ) ഇനം, ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിഭാഗത്തിന് അനുസൃതമായി മാനദണ്ഡങ്ങൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (ബി) ഇനം, മെഡിക്കലും പാരാമെഡിക്കലും ജീവനക്കാർക്ക് ആവശ്യമായ ഏറ്റവും കുറഞ്ഞ യോഗ്യതകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങൾ പാലിക്കേണ്ടതായ സുരക്ഷാ മാനദണ്ഡങ്ങൾ, അണുബാധാ നിയന്ത്രണം, നിലവാരം പുലർത്തുന്ന ചികിത്സാ മാർഗ്ഗനിർദ്ദേശങ്ങൾ എന്നിവ നിർണ്ണയിക്കുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (സി) ഇനം, സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (ഡി) ഇനം, ക്ലിനിക്കൽ സ്ഥാപനങ്ങൾ രജിസ്ട്രേഷന്റെ ആവശ്യത്തിലേക്കായി പാലിക്കേണ്ടതായ മറ്റ് വ്യവസ്ഥകൾ നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

9. ബില്ലിലെ 20-ാം ഖണ്ഡത്തിലെ (4)-ാം ഉപഖണ്ഡം, താത്കാലിക രജിസ്ട്രേഷനുള്ള എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും ആ വിഭാഗത്തിൽ സ്ഥിരം രജിസ്ട്രേഷനുവേണ്ട കാലാവധി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. ഈ ആക്ടിന്റെ പ്രാരംഭത്തിനുശേഷം നിലവിൽ വരുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും സ്ഥിരം രജിസ്ട്രേഷനുവേണ്ടി അതോറിറ്റിയിൽ അപേക്ഷിക്കേണ്ട കാലാവധി നിർണ്ണയിക്കുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (5) ഉപഖണ്ഡം, സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

10. ബില്ലിലെ 21-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, ഈ ആക്ടിന്റെ പ്രാരംഭത്തിൽ പ്രവർത്തിക്കുന്ന എല്ലാ ക്ലിനിക്കൽ സ്ഥാപനങ്ങളും താത്കാലിക രജിസ്ട്രേഷനുവേണ്ടി അപേക്ഷിക്കുന്നതിനുള്ള ഫാറവും അതിനുള്ള ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം, അതോറിറ്റി, അപേക്ഷകന് നല്കേണ്ടതായ താത്കാലിക രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും അതിൽ ഉൾക്കൊള്ളിക്കേണ്ടതായ വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

11. ബില്ലിലെ 22-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം, താല്ക്കാലിക രജിസ്ട്രേഷൻ അവസാനിച്ചതിനുശേഷം പുതുക്കൽ അപേക്ഷ നല്കിയിട്ടുള്ള സംഗതിയിൽ, രജിസ്ട്രേഷൻ പുതുക്കി നല്കുന്നതിന് അതോറിറ്റിയിൽ ഒടുക്കേണ്ട വർദ്ധിപ്പിച്ച ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

12. ബില്ലിലെ 23-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്റെ സ്ഥിരം രജിസ്ട്രേഷനുള്ള ഫാറവും, രീതിയും, ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം, അതോറിറ്റി, സ്ഥിരം രജിസ്ട്രേഷന് അപേക്ഷിച്ച ക്ലിനിക്കൽ സ്ഥാപനങ്ങളുടെ വിശദ വിവരങ്ങൾ പ്രസിദ്ധീകരിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. അതോറിറ്റി നടത്തിയ പരിശോധനയുടെ ഫലം പൊതുജനങ്ങൾക്ക് ലഭ്യമാക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (9)-ാം ഉപഖണ്ഡം സർക്കാരിനെ അധികാരപ്പെടുത്തുന്നു. ക്ലിനിക്കൽ സ്ഥാപനങ്ങൾ നിർണ്ണയിക്കപ്പെട്ട മാനദണ്ഡം പാലിക്കുന്നുവെന്ന് ഉറപ്പാക്കുന്നതിനുവേണ്ടി സ്വതന്ത്ര അസസ്സർമാരുടെ ഒരു പാനൽ വിജ്ഞാപനം ചെയ്യുന്നതിന് കൗൺസിലിനെ ചുമതല പ്പെടുത്തുന്നതിന് പ്രസ്തുത ഖണ്ഡത്തിന്റെ (10)-ാം ഉപഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു.

13. ബില്ലിലെ 24-ാം ഖണ്ഡം സ്ഥിരം രജിസ്ട്രേഷന്റെ സാധുത അവസാനി ക്കുന്നതിന് മുമ്പ് അത് പുതുക്കുന്നതിനുള്ള ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

14. ബില്ലിലെ 25-ാം ഖണ്ഡം, സ്ഥിരം രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിനുള്ള സാധുത അവസാനിച്ച ശേഷം പുതുക്കൽ അപേക്ഷ നല്കിയ സംഗതിയിൽ, രജിസ്ട്രേഷൻ പുതുക്കുന്നതിന് ഒടുക്കേണ്ടതായ വർദ്ധിപ്പിച്ച ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

15. ബില്ലിലെ 26-ാം ഖണ്ഡം, സ്ഥിരം രജിസ്ട്രേഷനോ താല്കാലിക രജിസ്ട്രേഷനോ ഉള്ള അപേക്ഷയുടെ കൈപ്പറ്റ്, അതോറിറ്റി വകവച്ചുകൊടുക്കുന്നതിനുള്ള ഫാറം നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

16. ബില്ലിലെ 27-ാം ഖണ്ഡം, അതോറിറ്റി നല്കേണ്ടതായ താത്കാലികമോ സ്ഥിരമോ ആയ രജിസ്ട്രേഷൻ സർട്ടിഫിക്കറ്റിന്റെ ഫാറവും അതിൽ ഉൾക്കൊള്ളിക്കേണ്ട വിവരങ്ങളും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു.

17. ബില്ലിലെ 28-ാം ഖണ്ഡം, ഒരു ഡ്യൂപ്ലിക്കേറ്റ് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് അതോറിറ്റിയിൽ ഒടുക്കേണ്ടതായ ഫീസ് നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

18. ബില്ലിലെ 32-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം, രജിസ്ട്രേഷൻ ചെയ്തിട്ടില്ലാത്ത ഒരു ക്ലിനിക്കൽ സ്ഥാപനത്തിന്മേൽ പണമായുള്ള പിഴ ശിക്ഷ ചുമത്തുന്നതിന് അതോറിറ്റി നടത്തേണ്ടതായ അന്വേഷണ വിചാരണയുടെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ

(7)-ാം ഉപഖണ്ഡം, പണമായുള്ള പിഴശിക്ഷ ചുമത്തിയ അതോറിറ്റിയുടെ തീരുമാനത്തിനെതിരെ കൗൺസിലിന് മുമ്പാകെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

19. ബില്ലിലെ 33-ാം ഖണ്ഡത്തിന്റെ (3)-ാം ഉപഖണ്ഡം, പ്രസ്തുത ഖണ്ഡത്തിന്റെ (1)-ഉം, (2)-ഉം ഉപഖണ്ഡങ്ങളുടെ ആവശ്യത്തിലേക്കായി പണമായുള്ള പിഴശിക്ഷ ചുമത്തുന്നതിന് അതോറിറ്റി നടത്തേണ്ടതായ അന്വേഷണ വിചാരണയുടെ രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (7)-ാം ഉപഖണ്ഡം (6)-ാം ഉപവകുപ്പിൽ പരാമർശിക്കപ്പെട്ട അപ്പീൽ ഫയൽ ചെയ്യുന്ന രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

20. ബില്ലിലെ 38-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം, ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് നല്കുന്നതോ അല്ലെങ്കിൽ പുതുക്കുന്നത് നിരസിക്കുന്നതോ അല്ലെങ്കിൽ ഒരു രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് റദ്ദാക്കുന്നതോ റിവിഷൻ ചെയ്യുന്നതോ ആയ അതോറിറ്റിയുടെ ഒരു ഉത്തരവിനാൽ സങ്കടമനുഭവിക്കുന്ന ഏതൊരാളിനും കൗൺസിൽ മുമ്പാകെ ഒരു അപ്പീൽ നല്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുന്നു. പ്രസ്തുത ഖണ്ഡത്തിന്റെ (2)-ാം ഉപഖണ്ഡം, (1)-ാം ഉപഖണ്ഡപ്രകാരം നല്കുന്ന അപ്പീലിന്റെ ഫാറവും ഫീസും നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

21. ബില്ലിലെ 40-ാം ഖണ്ഡം, പൊതുജനങ്ങളിൽ നിന്നും പരാതികൾ സ്വീകരിക്കുന്നതിനായി കൗൺസിലിന് ഒരു പരാതി പരിഹാര സംവിധാനം സ്ഥാപിക്കുന്നതിനുള്ള രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

22. ബില്ലിലെ 42-ാം ഖണ്ഡം, രജിസ്ട്രേഷനില്ലാതെ ക്ലിനിക്കൽ സ്ഥാപനം നടത്തിയാൽ കൗൺസിലിനോ അതോറിറ്റിക്കോ അല്ലെങ്കിൽ അവ അധികാരപ്പെടുത്തിയ ഒരു ഉദ്യോഗസ്ഥനോ ആ സ്ഥാപനങ്ങളിൽ നടത്തുന്ന പരിശോധനരീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

23. ബില്ലിലെ 45-ാം ഖണ്ഡം, രജിസ്ട്രേഷൻ ലഭിച്ച ക്ലിനിക്കൽ സ്ഥാപനത്തിന്റെ വിവരങ്ങൾ അതോറിറ്റി പ്രസിദ്ധീകരിക്കേണ്ട രീതി നിർണ്ണയിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

24. ബില്ലിന്റെ 52-ാം ഖണ്ഡത്തിന്റെ (1)-ാം ഉപഖണ്ഡം വൈഷമ്യങ്ങൾ നീക്കം ചെയ്യുന്നതിന് ഉത്തരവുകൾ പുറപ്പെടുവിക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

25. ബില്ലിലെ 53-ാം ഖണ്ഡം, സർക്കാരിന് വിജ്ഞാപനം വഴി ഈ ആക്ടിലെ എല്ലാമോ ഏതെങ്കിലുമോ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിലേക്കായി ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നു.

ഏത് കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റഗുലേഷനുകളോ ഉണ്ടാക്കേണ്ടത്, അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവും ആയ സ്വഭാവത്തോടു കൂടിയതുമാണ്. കൂടാതെ, ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മപരിശോധനയ്ക്ക് വിധേയവുമാണ്. ഏല്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, അതിനാൽ സാധാരണ സ്വഭാവത്തോടുകൂടിയതാണ്.

വി. എസ്. ശിവകുമാർ.